


# കുഞ്ഞുപട്ടങ്ങളുടെ വലിയ ആകാശം




ആശംസ

ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ  തയ്യാറാക്കുന്ന “കുഞ്ഞു പട്ടങ്ങളുടെ വലിയ ആകാശം”എന്ന ഡിജിറ്റൽ മാഗസിൻഎന്തു കൊണ്ടും കുട്ടികളുടെ രചനാവൈഭവം പുറത്തു കൊണ്ടുവരാനും ആശയ പ്രകടനം തൂലികയിലൂടെ പുറം ലോകം അറിയാനും അതുവഴി വിദ്യാർത്ഥികൾക്ക് ഒരു നല്ല കഴിവുള്ള കവിഭാവനയുള്ള ദേശസ്നേഹിയായ മാനവികത ഉൾകൊള്ളുന്ന വ്യക്തിയാവാൻ സാധിക്കുമാറാകട്ടെ എന്നാശംസകളോടെ

നി യാസ് ചോല

ഹെഡ്മാസ്റ്റർ

ഫാത്തിമാബി മെമ്മോറിയൽ എച്ച്എസ്എസ് കൂമ്പാറ


മലയാള അക്ഷരങ്ങളുടെ
ലോകത്തേക്ക്
പിച്ച വെക്കുന്ന കുരുന്നുകളുടെ
അത്ഭുതാവഹം സൃഷ്ടികൾ ....
ലളിത പ്രയോഗങ്ങൾ
എങ്കിലും
തീക്ഷ്ണവും അഗാധവുമായ
ദീർഘവീക്ഷണം ......
വിടരാൻ ............
പറക്കാൻ തുടിക്കുന്ന.....
കുരുന്നു ചിറകുകൾ ......
വാനിൽ പറന്നു ഉയരട്ടെ......
നീന്തി തുടിക്കട്ടെ
നാളത്തെ
നാടിൻറെ
വാഗ്ദത്തമാവാൻ........

# ആകാശക്കാഴ്ചകൾ...


1. ഞങ്ങളുടെ കലാലയത്തെ കുറിച്ച്
2. ലിറ്റിൽ കൈറ്റ്സ് പുരസ്കാരം ഫാത്തിമാബി സ്കൂളിന്
3. ആ കുട്ടി എവിടെ?
4. ഇരുട്ടറയിലേക്ക്
5. കമ്പ്യൂട്ടർ
6. ഒരു ഗ്രാമത്തിന്റെ മുഴുവൻ ആദരവും ഏറ്റുവാങ്ങി ഒരു യാത്ര
7. രണ്ടക്ഷരം
8. Need of value based education in present society
9. ഒരു യാത്രാമൊഴി
10. രണ്ടുപേർ
11. Still the moon is shining
12. കര കരഞ്ഞിരുന്നുവോ
13. നുറുങ്ങു കവിതകൾ
14. എഡിറ്റോറിയൽ അംഗങ്ങൾ
15. Tongue twisting English.... Try it
16. ബെസ്റ്റ് ഫ്രണ്ട്സ്
17. Little kites annual report
18. ആത്മാവിന്റെ രോദനം
19. Dream
20. മരിക്കുന്ന ഭൂമി
21. Photo gallery

# LITTLE KITES
# 2019-2021 - BATCH



# ഞങ്ങളുടെ

# കലാലയജീവിതത്തെക്കുറിച്ച്.........................



കുമ്പൻപാറകളുടെ നാടെന്നറിയപ്പെടുന്ന കുമ്പാറയുടെ യശ്ശസുയർത്തി നിൽക്കുന്ന ഞങ്ങളുടെ ഫാത്തിമാബി മെമ്മോറിയൽ ഹയർസെക്കൻഡറി സ്കൂള് ഞങ്ങൾക്കെന്നും അഭിമാനകരമാണ് .2015 ജൂൺഞങ്ങളുടെ കലാലയജീവിതത്തിൻെ ആദ്യപടി ഞങ്ങൾ താണ്ടിയ ദിവസം.അന്നു മുതൽ ഇന്നുവരെ ഞങ്ങൾ ഒരേ മനസ്സായിരുന്നു.ഈ കലാലയജീവിതത്തിലുടെനീളം ഞങ്ങളുടെ താങ്ങും തണലുമായി വർത്തിച്ച ഗുരുഭ്രതരായിരുന്നു ഞങ്ങളുടെ ഉത്തമമാതൃകകൾ.അന്നു മുതൽ ഇന്നുവരെ ഞങ്ങൾ താണ്ടിയ പാതകളുടെ വെളിച്ചമായി നിന്നത് ഇവരായിരുന്നു.

ഭൂഗോളത്തിൻെ സ്പന്ദനങ്ങൾ നിയന്തിക്കുന്ന കണക്കു പഠിപ്പിച്ചിരുന്ന ഞങ്ങളുടെ പ്രിയപ്പെട്ട വൽസമ്മടീച്ചറും ബാബുമാഷും വിടപറഞ്ഞപറഞ്ഞപ്പോൾ അവർ പറിച്ചുകൊണ്ടുപോയത് ഞങ്ങളുടെ മനസ്സുകളായിരുന്നു.അറബിയുടെ ആദ്യാക്ഷരം പകർന്നു തന്ന മമ്മൂട്ടിസാറും ഹിന്ദി പകർന്ന് നൽകിയ ഇന്ദിരടീച്ചറെയും ഞങ്ങളുടെ ഉള്ളിൽ നിന്നും ഒരിക്കലും മറക്കില്ല.ഒന്നും നോക്കാതെ ബെല്ലടിക്കുമ്പളെ പിടിതരുന്ന സുമേഷ് സാറും എല്ലാവരും ഞങ്ങളുടെ ഉള്ളിൽ വിതച്ചത് സന്തോഷത്തിൻെ നാമ്പുകളായിരുന്നു.

ഞങ്ങൾ ഹൈസ്കൂളിലേക്ക് ചുവടെടുത്ത് വെച്ചപ്പോൾ ഞങ്ങളെ ഭാഗികമായി വിട്ടുപിരിഞ്ഞ ഞങ്ങളുടെ യു പി അദ്ധ്യാപകർ എല്ലാവരും ഞങ്ങൾക്കൊരു മാർഗ്ഗദീപമായിരുന്നു.പിന്നീടുള്ള വഴികളിലും ആ ദീപം ഒരു കെടാവിളക്കായി ഞങ്ങൾക്കുള്ളിൽ ജ്വലിച്ചുനിൽക്കുന്നു.

ഇവരെല്ലാവരും ജ്വലിക്കുന്ന ഒരു ചിരാതായി എന്നും ഞങ്ങളുടെ മനസ്സില് ഉണ്ടായിരിക്കും.

മറക്കില്ലൊരിക്കലും.........

# ലിറ്റിൽ കൈറ്റ്സ് പുരസ്കാരം മർക്കസ് ഫാത്തിമാബി സ്കൂളിന്




സംസ്ഥാന സർക്കാരിന്റയ മികച്ച സ്കൂളിനുള്ള ലിറ്റിൽ കൈറ്റ്സ് പുരസ്കാരം കൗമ്പാറ മർകസ് ഫാത്തിമാബി സ്കൂളിന്. അഞ്ച് ലക്ഷം രൂപയും പ്രശസ്തി പത്രവും അടങ്ങുന്ന പുരസ്കാരം കേരള മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് സമ്മാനിച്ചു. കൊല്ലം അഞ്ചാലുമൂട് ഗവൺമെൻറ് എച്ച്എസ്എസ് രണ്ടാം സ്ഥാനവും തിരുവനന്തപുരം കരിപ്പൂർ ഗവൺമെൻറ് എച്ച്എസ്എസ് മൂന്നാംസ്ഥാനവും നേടി. കൈറ്റ് വൈസ് ചെയർമാൻ ആൻഡ് എക്സിക്യൂട്ടീവ് ഡയറക്ടർ കെ അൻവർ സാദത്ത് സന്നിഹിതനായിരുന്നു.

മലയോര പ്രദേശമായ കൂമ്പാറയിൽ മികച്ച അക്കാദമിക ചരിത്രമാണ് സ്കൂളിനുള്ളത് . മാനേജ്മെൻറും അധ്യാപകരും വിദ്യാർത്ഥികളും ഒരുമിച്ച് നടത്തുന്ന പ്രവർത്തനങ്ങൾ ആണ് സ്കൂളിൻറെ വിജയത്തിന് പിന്നിൽ ഇൽ. ദേശീയ അധ്യാപക അവാർഡ് ജേതാവായ നിയാസ് ചോലയാണ് ഹൈസ്കൂൾ ഹെഡ്മാസ്റ്റർ.സാമൂഹിക സാംസ്കാരിക രംഗത്ത് സജീവമായ നാസർ ചെറുവാടി ഹയർസെക്കൻഡറ പ്രിൻസിപ്പലാണ് .പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ നടപ്പാക്കിവരുന്ന ഹൈടെക് പദ്ധതിയുടെ ഭാഗമായി *2060* ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകളാണ് പ്രവർത്തിക്കുന്നത് .ഹൈടെക് പദ്ധതിയുടെ ഭാഗമായുള്ള പ്രവർത്തനങ്ങളിൽ വിദ്യാർഥികളുടെ പങ്കാളിത്തം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകൾ വിഭാവനം ചെയ്തിരിക്കുന്നത്.

യൂണിറ്റുകളുടെ ദൈനംദിന പ്രവർത്തനങ്ങൾ തനത് അത് പ്രവർത്തനങ്ങളും സാമൂഹ്യ ഇടപെടലും പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ, സ്കൂൾവിക്കി അപ്ഡേഷൻ, ക്യാമ്പുകളിലെ പങ്കാളിത്തം, ഡിജിറ്റൽ മാഗസിൻ , വിക്ടേഴ്സ് ചാനൽ വ്യാപനം , ന്യൂസ് തയ്യാറാക്കൽ , വ്യക്തിഗത അത് പ്രകടനങ്ങൾ, ഹൈടെക് ക്ലാസ് മുറികളുടെ പരിപാലനം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റേതുൾപ്പെടെയുള്ള സ്കൂളിന്റെ മറ്റു പ്രവർത്തനങ്ങളിൽ യൂണിറ്റിന്റെ ഇടപെടൽ എന്നീ മേഖലകളിൽ കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തിയാണ് അവാർഡിന് അർഹരായവരെ തിരഞ്ഞെടുത്തത് *.2060* സ്കൂളുകളിൽ നിന്നാണ് മർക്കസ് സ്കൂളിനെ ഒന്നാമതായി തിരഞ്ഞെടുത്തത്. സ്കൂൾ അധ്യാപകരായ നവാസ്, ഷെരീഫ എന്നിവരാണ് വിദ്യാർഥികൾക്ക് മാർഗ നിർദേശം നൽകിയത്.

# ആ കുട്ടിടെയെവിടെ?



പ്രിയ സുഹ്രത്തുക്കളെ..നമ്മുടെ ഭാരതത്തിൽ ഇപ്പോൾ വളർന്നു പെരുകുന്ന ഒരു പ്രശ്നമാണ് ദാരിദ്രം.2015-ലെ കണക്കുകൾ പ്രകാരം 702 ദശലക്ഷം മനുഷ്യർ ലോകത്ത് ദരിദ്രരാണ്.ആസൂത്രണ കമ്മീഷൻെ കണക്കുകൾ പ്രകാരം ഇന്ത്യയിൽ 22% ജനങ്ങൾ ദരിദ്രത്തിൻെ കഷ്ടതകൾ അനുഭവിക്കുന്നവരാണ്.

പണത്തിൻെ പേരിൽ തമ്മിൽ തല്ലിയും കൊന്നും വെട്ടിച്ചും ജീവിക്കുന്നവർ ഒന്നോർക്കുക ഭിക്ഷയാചിച്ചു കിട്ടുന്ന ഒരണ കൊണ്ട് സന്തോഷത്തൊടെ ജീവിക്കുന്നവർ നമ്മുക്കു ചുറ്റുമുണ്ട്.

1993-മാർച്ച്-26-ന് 'ന്യൂയോർക്ക് ടൈംസ്" പ്രസിദ്ധീകരിച്ച ഒരു ചിത്രം നിങ്ങൾക്കേവർക്കും പരിചിതമാണല്ലോ?ആഫ്രിക്കൻ രാജ്യമായ സുഡാൻെ തെക്കൻ പ്രദേശത്ത് പട്ടിണിമൂലം വിശന്നുവീണ കുട്ടിയും കുട്ടിയെ ഭക്ഷണമാക്കാൻ കാത്തു നിൽക്കുന്ന കഴുകനുമാണ് ഈ ചിത്രത്തിലുള്ളത്.

കെവിൻ ക്വാർട്ടർ എന്ന വിഖ്യാതഫോട്ടോഗ്രാഫറാണ് ഈ ചിത്രം പകർത്തിയത്.ആ ഒറ്റ ചിത്രം കൊണ്ട് അദ്ദേഹം ലോകപ്രശസ്തനായി.ഒരു ദിവസം അദ്ദേഹത്തെ അഭിമുഖീകരിക്കുവാൻ വന്നഏതാനും മീഡിയാക്കാരിൽനിന്നും ഒരു ചോദ്യമുയർന്നു.സർ!ആ കുട്ടിയെവിടെ?

അപ്പോഴാണ് അദ്ദേഹം ആ കുട്ടിയെക്കുറിച്ച് ഓർത്തത്.വിശന്നു മരിക്കാറായ ആ കുട്ടിയെ താനൊന്ന് തിരിഞ്ഞു നോക്കിയതു പോലുമില്ല എന്ന് അദ്ദേഹത്തിന് മനസ്സിലായി..ഒടുങ്ങാത്ത കുറ്റബോധമ വേട്ടയാടിയ അദ്ദേഹം ഒരു മുഴം കയറിൽ തൻെ ജീവൻ വെടിഞ്ഞു...........

ഇതുപോലെതന്നെയാണ് നാമും നമ്മുക്കു ചുറ്റും എത്രയോ കുട്ടികൾ,സ്ത്രീകൾ,വൃദ്ധജനങ്ങൾ പട്ടിണി മൂലം വിശന്നു മരിക്കുന്നു.എന്നാൽ നാം ഇവിടെ തിന്നും കുടിച്ചു ഉലാത്തുന്നു.ഒരു പറ്റ് ചോറ് കളയുമ്പോൾ ആ കുട്ടിയുടെ മുഖം മനസ്സിലോർക്കുക..പിന്നെ കളയാൻ തോന്നില്ല.........

# ഇരുട്ടറയിലേക്ക്

എങ്ങോട്ടെന്നില്ലാതെ ഇരുട്ടിന്റെ
ഉള്ളറയിലേക്കൊരു യാത്ര
കൂട്ടിന്ന് കൂട്ടുകാരൊന്നുമില്ല
ഒറ്റക്കുള്ളൊരു യാത്ര
ജാലകവാതിൽ തുറന്നുള്ള കാഴ്ചയും
നന്മഎഴുതിയ പുസ്തകവും

എല്ലാം വലിച്ചെറിഞ്ഞ് നാം പോകുന്നു
ഇന്നലെ കൂടികളിച്ച
പൈകിടാവിനെ മറന്നു നമ്മൾ
പുലരിയിൽ കണ്ടുള്ള സുന്ദരസ്വപ്നവും
ഭീതിപ്പെടുത്തിയ നിശാ സ്വപ്നവും
ഇട്ടേച്ച് പോയ് മറഞ്ഞിടുന്നു
ഉറ്റോർക്കും ഉടയോര്ക്കും
യാത്റയോതി നാം മറഞ്ഞിടുന്നു

എങ്ങനെയെന്നറിവില്ല
എപ്പോഴെന്നറിയില്ല
നിശ്ചലമായ് നാം കിടക്കുന്നു
ജീവിതമാം വഴിയാത്റക്ക്
തിരശ്ശീല വീണിടുന്നു
നമ്മൾ
മരണമാം രാക്ഷസന് കീഴടങ്ങുന്നു

# COMPUTER



ചാൾസിന്റെ ബൂദ്ധി
ഗർഭം ധരിച്ചു
പിറന്നുവീണൊരു
ബുദ്ധി മാനാം യന്ത്റം
പേരിട്ടതിന്ന് കംബ്യൂട്ടറെന്ന്
അതിനറിയാം മനുഷ്യ-
നറിയാത്ത കാര്യങ്ങൾ
യൂറ്റൂബും ഇന്റെർനെറ്റും
ചാൾസിന്റെ പേരമക്കളായ്
ശരീരമില്ലാതെ തലയുള്ള
യന്ത്റമായ് കംബ്യൂട്ടർ
തലക്കുള്ളിൽ ഒതുക്കി ഈ
ലോകത്തെ അവൻ

# ഒരു ഗ്രാമത്തിന്റെ മുഴുവൻ ആദരവും ഏറ്റുവാങ്ങി ഒരു യാത്ര ..........

മർവ എം , റിജുല സി പി

ജീവിതത്തിൽ ഇത്രയേറെ ആഹ്ലാദകരമായ ഒരു യാത്ര മുൻപ് പോയിട്ടില്ല. ഒരു സ്കൂളിന്റെ മുഴുവൻ ആദരവും ഏറ്റുവാങ്ങി ഒരു യാത്ര .........ഞങ്ങൾ ആയിരുന്നു ആ ദിവസം ആ യാത്രയിലെ പ്രധാന ആകർഷണം. സംസ്ഥാന സർക്കാരിന്റെ പ്രഥമ ലിറ്റിൽ കൈറ്റ് പുരസ്കാരം ഫാത്തിമാബി മെമ്മോറിയൽ ഹയർസെക്കൻഡറി സ്കൂളിന് നേടിക്കൊടുത്ത് ഞങ്ങൾ സ്കൂളിലെ അഭിമാന താരങ്ങളായി മാറി.




സ്കൂളിന്റെയും ,കുമ്പാറയുടെയും, മുക്കം നഗരസഭയുടെയും, മാനേജർ കാന്തപുരം എ പി അബൂബകർ മുസ്ലിയാരുടെയും സ്നേഹാദരവുകൾ ഏറ്റുവാങ്ങി....പ്രസ്തുത പുരസ്ക്കാരം മുഖ്യമന്ത്രിയിൽ നിന്ന് നേരിട്ട് സ്വീകരിക്കാൻ തിരുവനന്തപുരം ടാഗോർ ഹാളിൽ നടക്കുന്ന ചടങ്ങിലേക്ക് ഞങ്ങൾ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിലെ മുഴുവൻ അംഗങ്ങളും, പ്രധാനാധ്യാപകൻ നിയാസ് സാറും, ലിറ്റിൽ കൺവീനേഴ്സ് നവാസ് സാർ,ഷെരീഫ് ടീച്ചർ ,ഞങ്ങളുടെ മറ്റ് പ്രിയ അധ്യാപകർ എന്നിവരുമൊത്ത് യാത്രയാരംഭിച്ചു.

ജൂലൈ നാലിന് വൈകിട്ട് 5 30ന് കുമ്പാറയിൽ നിന്ന് പുറപ്പെട്ട ഞങ്ങൾ രാത്രി രണ്ട് മണിക്ക് കൊല്ലത്ത് ഹാഷിം സാറിന്റെ വീട്ടിൽ എത്തിച്ചേർന്നു.അന്നവിടെ വിശ്രമിച്ച് പിറ്റേദിവസം പ്രഭാത ഭക്ഷണം കഴിച്ചശേഷം തിരുവനന്തപുരത്തേക്കുള്ള യാത്ര തുടർന്നു. വൈകിട്ട് മൂന്ന് മണിക്ക് ആയിരുന്നു അവാർഡ് ദാന ചടങ്ങ്.രാവിലെ 9 മണിക്ക് തലസ്ഥാനനഗരിയിൽ എത്തിച്ചേർന്ന ഞങ്ങൾക്ക് കേരളനിയമസഭാ സന്ദർശിക്കാനുള്ള പെർമിഷൻ ലഭിച്ചു



തുടർന്ന് നിയമസഭയിലെ ഗ്യാലറിയിൽ നിന്നുകൊണ്ട് മുഖ്യമന്ത്രിയുടെയും സ്പീക്കറുടെ യും ഗവർണറുടെയും ഭരണ-പ്രതിപക്ഷ എംഎൽഎമാരുടെയും ഇരിപ്പിടങ്ങൾ കണ്ടു. നിയമസഭയുടെ നിർമ്മാണ ഘട്ടം മുതലുള്ള ചരിത്രം അവിടെ ഉണ്ടായിരുന്ന ഉദ്യോഗസ്ഥൻ ഞങ്ങൾക്ക് വിവരിച്ചു തന്നു. ഒപ്പം നിയമസഭ കൂടുന്ന ചട്ടങ്ങളും, നിയമങ്ങളും എല്ലാം ഞങ്ങൾക്ക് പുതിയ അനുഭവങ്ങളായിരുന്നു.തുടർന്ന് ഉച്ചഭക്ഷണം കഴിഞ്ഞ് കൃത്യം 2. 30 ന് ഞങ്ങൾ ടാഗോർ ഹാളിൽ എത്തിച്ചേർന്നു.

അവിടെ ഞങ്ങൾക്കായി ഒരുക്കിയ മനോഹരമായ ഇരിപ്പിടങ്ങളിൽ അഭിമാനത്തോടെ ഞങ്ങളിരുന്നു.




മുഖ്യമന്ത്രി ശ്രീ.പിണറായി വിജയനും, വിദ്യാഭ്യാസ മന്ത്രി ശ്രീ. രവീന്ദ്രനാഥ് , കൈറ്റ് സംസ്ഥാന കോർഡിനേറ്റർ ശ്രീ. അൻവർ സാദത്ത് മറ്റു വിശിഷ്ട വ്യക്തിത്വങ്ങൾ എന്നിവർ വേദി അലങ്കരിച്ചു.എൽപി യുപി ക്ലാസുകളിലേക്ക് കൂടി ഹൈടെക് പദ്ധതി വ്യാപിപ്പിക്കുന്നതിന്റെ ഉദ്ഘാടനവും ഇതേ വേദിയിൽ വച്ച് നടക്കുന്നുണ്ടായിരുന്നു.പ്രഥമ ലിറ്റിൽ കൈറ്റ് പുരസ്കാരം കുമ്പാറ ഫാത്തിമാബി മെമ്മോറിയൽ ഹയർ സെക്കൻഡറി സ്കൂളിന് എന്ന് പ്രഖ്യാപിക്കുമ്പോൾ പ്രൗഢഗംഭീരമായ സദസ്സിലേക്ക് കയറിച്ചെന്ന് 5 ലക്ഷം രൂപയുടെ ക്യാഷ് അവാർഡും, പ്രശസ്തി പത്രവും തികഞ്ഞ ആത്മാഭിമാനത്തോടെ ഞങ്ങൾ ഏറ്റുവാങ്ങി.

എന്റെ ജീവിതത്തിൽ ഒരിക്കലും മറക്കാനാവാത്ത ഒരു മുഹൂർത്തമായി അവാർഡ് ദാനചടങ്ങ് മാറി. ഒരു സ്കൂളിൻറെ ,കോഴിക്കോട് ജില്ലയുടെ, കേരള സംസ്ഥാനത്തിന്റെ അഭിമാനതാരങ്ങളായി മാറാൻ കഴിഞ്ഞതിൽ പറഞ്ഞറിയിക്കാനാവാത്ത സന്തോഷം ആ നിമിഷം ഞങ്ങളിൽ നിറഞ്ഞുതുളുമ്പു കയായിരുന്നു.അതും വിദ്യാഭ്യാസ മന്ത്രി ശ്രീ.രവീന്ദ്രനാഥ് പങ്കെടുത്ത ചടങ്ങിൽ കേരള മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ സാറിൽ നിന്ന് ഏറ്റുവാങ്ങാൻ ആയതോടെ ജന്മം സഫലമായ സംതൃപ്തിയായിരുന്നു ഞങ്ങൾക്ക്. സ്റ്റേജിൽ നിന്ന് ഇറങ്ങിയ ഞങ്ങളുടെ ഫോട്ടോയെടുക്കാനും,ചോദ്യങ്ങൾ ചോദിക്കാനും മാധ്യമങ്ങൾ ചുറ്റും കൂടിയിരുന്നു.
ഈ അവാർഡിലേക്ക് ഞങ്ങളെ നയിച്ച ജൈത്രയാത്രകൾ, പഠനത്തിനിടയ്ക്ക് 26 പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ ഞങ്ങളെ സഹായിച്ച ,പൂർണ്ണമായഅർപ്പണബോധം ആണ് ഏതൊരു അവാർഡിന് പിന്നിലെയും തത്വം എന്ന വലിയ പാഠം ഞങ്ങളെ അനുഭവങ്ങളിലൂടെ പഠിപ്പിച്ച ഞങ്ങളുടെ കൈറ്റ് മാസ്റ്റർ നവാസ് സാർ, ഞങ്ങൾക്ക് ഒരു കൈത്താങ്ങായി മാറിയ ഞങ്ങളുടെ ഹെഡ്മാസ്റ്റർ തുടങ്ങി ലിറ്റിൽ കൈറ്റുമായി ബന്ധപ്പെട്ട എല്ലാ അനുഭവങ്ങളും ഞങ്ങൾ അവരുമായി പങ്കുവെച്ചു.
തിരിച്ചുപോരും മുൻപുള്ള ശംഖുമുഖം ബീച്ചിലേക്കുള്ള യാത്രയും അതി രസകരമായിരുന്നു. പോകും വഴി ബസ്സിലിരിക്കുമ്പോൾ എയർപോർട്ടിൽ നിന്ന് ഒരു വിമാനം പറന്നുയരുന്ന കാഴ്ച ഞങ്ങളിൽ കൗതുകമുണർത്തി. ശംഖുമുഖത്തെ അസ്തമയസൂര്യന്റെ കണ്ണഞ്ചിപ്പിക്കുന്ന പ്രഭ നോക്കി യാത്ര പറയുമ്പോൾ മനസ്സിൽ ഞങ്ങൾക്ക് ഒരു ദൃഢനിശ്ചയം ഉണ്ടായിരുന്നു .ഇനിയും ഞങ്ങൾ വരും തലസ്ഥാനനഗരിയിലേക്ക് ഇതിനു മുകളിലെ അവാർഡുകൾ നേടിയെ ടുത്തുകൊണ്ട്................
ഞങ്ങൾ തിരിച്ചു പോകുകയാണ് അവാർഡ് ജേതാക്കളായി തിരിച്ചെത്തുന്ന ഞങ്ങളെ കാത്തിരിക്കുന്ന ജാമിയ മർക്കസിലേക്ക്..... ഞങ്ങളെ ഈ ഉജ്ജ്വല വിജയത്തിലേക്ക് കൈപിടിച്ചുയർത്തിയ മലയോരമേഖലയിൽ തലയെടുപ്പോടെ നിൽക്കുന്ന കുമ്പാറ ഫാത്തിമാബി മെമ്മോറിയൽ ഹയർ സെക്കൻഡറി സ്കൂളിലേക്ക്...........

# രണ്ടക്ഷരം



© Can Stock Photo - csp26320767

കിഴക്കിന്റെ അധിപൻ ഉണർന്നിടും മുമ്പേ

ഉണരുന്ന സൂര്യനെൻ വീട്ടിലുണ്ടേ........

പാരിലായ് എന്നും പ്റകാശം മറഞ്ഞാലും

മാഞ്ഞിടാതെ നല്ല പ്റഭയതുണ്ടേ........

ഒന്നിനുമൊരിക്കലും ഒന്നും പറയാത്ത

പിരിയാത്ത ചങ്ങാതി വീട്ടിലുണ്ടേ.......

സ്നേഹവും ശിക്ഷയും ഒന്നായ് വിളമ്പുന്ന

ഗുരുവര്യരും ഒന്ന് നല്ലതുണ്ടേ.......

ദീനം വരുന്നേരം ശുശ്റൂഷ നൽകിടാൻ

ഗാർഹിക മുള്ളിലൊരു വൈദ്യനുണ്ടേ........

ഏറെ രുചിയുള്ള ഭക്ഷണം തന്നിടാൻ

പാചകക്കാരിയും നല്ലതുണ്ടേ.......

.

എല്ലാം ഇരു അക്ഷരത്തിൽ ചുരുങ്ങിയാൽ

അമ്മയെന്നുള്ളൊരു വ്യക്തിയുണ്ടേ..........


എല്ലാം വലിച്ചെറിഞ്ഞ് നാം പോകുന്നു



# NEED OF VALUE BASED EDUCATION IN PRESENT SOCIETY

SAKKIRA PK
HST ENGLISH

Education is to mould the character, the person and thereby bringing an alround development in the individual. Man is a social animal and he has to follow certain values or he should practice certain principles in order to get recognition in the society .In order to accept an individual as a good citizen, there are certain abiding principles, which the government imposes on them to be followed. The laws or rules becomes imposing only if an individual moves deviant from others, in the society. Those who strictly holds the values are accepted by others and nation remains safe in their hands. In the present society the governing principle is the personal interest. Everyone goes behind something or the other in order to achieve their selfish goals. The environment where he or she is brought up is the main reason for bringing up uncivilized or uncultured persons. Here the education that is given to them is to be blamed. Is this expected from an Educated person? A person without values? It is the intellectual mind and value based approach that makes a fruitful step. It can bring up the society to the peak of success in all manners .A person with higher degrees can be considered as a highly educated one, if his approach is note worthy or good for the mankind. Scientists can create wonders. It can be for good of the nation or a threat. If it has not created any appreciable remark or has not been found fulfilling, the dreams of the nation and is threat,then that cannot be accepted by the society share the society .Here the society is not given a prime importance by the individual and has also worked as an evil hand .Need of value based education is highly emphasized in such situations. But never they give importance to practice it in a society .So value based education should be given due importance. Student should be taught right from the beginning. If we can change anyone in the society, it is the young generation. We can't make great impact on the elders. If the society has to change, the younger generation should change .To bring hope to the darkened society value based education should be given._ In the present society, that happens everyday around you is alarming. Some are horrible pictures while some are dangerous .To uplift such a downtrodden society the need for holding values should be inculcated in them .Then only they will behave like humans .Then only education can be said to have moulded him. Everyone should strive to keep up the values and create a better world to live in .In order to relieve the world from the clutches of dark hand value based education should be enhanced.




## ഒരു യാത്രാമൊഴി

Anugraha jose(IX B)

അവളുടെ മനസ്സിൽ വികാരവിചാരങ്ങളുടെ അലകടൽ ഇരമ്പുന്ന തായി തോന്നി.അവൾ ഓരോന്നും ഓർക്കാൻ ശ്രമിക്കുകയായിരുന്നു. ഇന്ന് അഞ്ചു ദിവസമായി .അവളുടെ അച്ഛൻ അവളെയും കുടുംബത്തെയും പിരിഞ്ഞു പരലോകത്ത് എത്തിയിട്ട് .എല്ലാ ബന്ധുക്കളും ആശ്വസിപ്പിക്കാൻ എന്ന മട്ടിൽ എത്തി പിരിഞ്ഞുപോയി കഴിഞ്ഞിരിക്കുന്നു. സമയമേറും തോറും വീട്ടിൽ ഇരുട്ടിനേക്കാൾ കനത്ത നിശബ്ദത നിറഞ്ഞു നില്ക്കു ന്നുണ്ടായിരുന്നു .ആരും പരസ്പരം ഒന്നും സംസാരിക്കുന്നില്ല. അവൾ അവൾ മെല്ലെ എഴുന്നേറ്റ് അടുക്കളയിൽ നിന്ന് ചായ പകർന്നു അമ്മയും സഹോദരനും നൽകി .

വീണ്ടും പഴയപടി നിലത്ത് വിരിച്ച പായയിൽ കിടന്നു. അവളുടെ മനസ്സ് ഒട്ടും ശാന്തമായിരുന്നില്ല. കണ്ണടച്ചു കിടന്നപ്പോൾ തിരമാലപോലെ മനസ്സ് ശാന്തമായി അലതല്ലു കയായിരുന്നു .മനസ്സ് ശാന്തമാക്കാൻ വേണ്ടി അവൾ അവൾ ശ്രമിച്ചു കൊണ്ടിരുന്നു. അവളുടെ മനസ്സിൽ അച്ഛൻറെ മുഖം തെളിയാൻ തുടങ്ങി. ഒരു മെഴുകുതിരിയുടെ നാളം പോലെ ചിലപ്പോൾ നിഴൽ വീഴ്ത്തുകയും ചെയ്തു കൊണ്ടിരുന്നു.__ അവൾക്ക് ഒരു വയസ്സ് പ്രായംആയപ്പോഴാണ് അവളുടെ അച്ഛൻ ജീവിതം കരുപ്പിടിപ്പിക്കാൻ വേണ്ടി വീടു വിട്ടു ഗൾഫിലേക്ക് പോയത്. സ്ക്കൂളിൽ പഠിക്കുന്ന കാലത്ത് ക്കൂട്ടുകാർ അവരുടെ അച്ഛന്റെ സ്നേഹത്തെ വാതോരാതെ സംസാരിക്കുന്നത് കേട്ടപ്പോഴാണ് തന്റെ അച്ഛനും എന്നരികിൽ ഉണ്ടായിരുന്നെങ്കിൽ എന്ന് അവൾ ആശിച്ചത്.

അവൾക്ക് 12 വയസ്സ് പ്രായമുള്ളപ്പോൾ, അന്നവൾ അവൾ ഏഴാം ക്ലാസ്സിൽ ആയിരുന്നു . അവൾക്ക് ആദ്യമായി അച്ഛൻ കത്തെഴുതിയപ്പോഴും പതിനെട്ടാമത്തെ വയസ്സിൽ ആദ്യമായി അച്ഛനെ കണ്ടപ്പോഴും ആയിരുന്നു അവൾ ജീവിതത്തിൽ ഏറ്റവും ക്കൂടുതൽ സന്തോഷിച്ചത് .അച്ഛൻ വന്നത് ഒരു വലിയ സംഭവമായിരുന്നു. ചാനലുകാർ വന്നതും ബന്ധുക്കൾ എല്ലാവരും വന്നതും അവൾ ഓർത്തു. അതിനുശേഷം 5 വർഷം എത്ര പെട്ടെന്നാണ് കഴിഞ്ഞുപോയത്. ഇന്ന് വീണ്ടും ടും അച്ഛൻ അവളെ തനിച്ചാക്കി ഒരിക്കലും മടങ്ങിവരാത്ത ലോകത്തേക്ക് അ പോയിരിക്കുകയാണ്.

അമ്മയെപ്പറ്റി ഓർത്തപ്പോൾ വിഷമം തോന്നി. ഓർമ്മയിൽ നിന്ന് തിരിച്ചെത്തിയപ്പോൾ അവളുടെ അമ്മ അവളെ കെട്ടിപ്പിടിച്ചു കിടന്നത് അവൾ അറിഞ്ഞു. ശക്തമായി കരയണമെന്നു തോന്നി. പക്ഷേ എവിടെയോ ഒരു നിർവികാരത തോന്നി. അവളുടെ അച്ഛൻ രാവിലെ എഴുന്നേറ്റ് പ്രഭാത കൃത്യങ്ങൾ ചെയ്യുവാൻ ഉള്ള

ഒരുക്കത്തിലാണ് കുഴഞ്ഞു വീഴുന്നത്. ആശുപത്രിയിൽ എത്തിച്ചപ്പോൾ ഡോക്ടർ പറഞ്ഞത് ഇനി ഒന്നും ചെയ്യാൻ കഴിയില്ല. കരിഞ്ഞു അല്പസമയമായി . അവൾക്ക് വേദന തോന്നി. പത്രങ്ങളിൽ മരണവാർത്ത കാണുമ്പോൾ അതിൻറെ ആഴം അവൾ മനസ്സിലാക്കിയിരുന്നില്ല.എവിടെയോ വായിച്ചു മറന്ന വരികൾ ഓർത്തു.മരണം രംഗബോധമില്ലാത്ത കോമാളിയാണ് .അത് എപ്പോഴാണ് നമ്മെ തേടിയെത്തുന്നത് എന്ന് നമുക്ക് അറിയില്ല. ഒന്ന് പൊട്ടിക്കരയാൻ കഴിഞ്ഞിരുന്നുവെങ്കിൽ എന്ന് അവൾ ആശിച്ചു പോയി .അതിലും അവൾ നിസ്സഹായയായി.കരയിൽ കെട്ടിയിട്ടിരിക്കുന്ന തോണി പോലെ മനസ്സിലെ ഒരു നിർവികാരത അവളെ വരിഞ്ഞുമുറുക്കി കൊണ്ടിരുന്ന

---

# രണ്ടു പേർ......

MUHAMMED NABEEL A
IX B

മനസ്സിൻ വിങ്ങലിൽ കൂടെയുണ്ടാകുന്ന

മാലാഖയാകുന്ന അമ്മയും,

താങ്ങായി സംരക്ഷകനായി

കൂടെ നിൽക്കുന്ന അച്ഛനും.

നമുക്കു വേണ്ടി ജീവിതം

സമർപ്പിക്കുന്ന രണ്ടു പേർ,

ഓർക്കുക, വീട്ടിൽ കാത്തിരിക്കാനായി

രണ്ടു പേർ ഉണ്ടെന്ന്,

ഓർക്കുക, നമുക്കു വേണ്ടി ജീവിതം

ജീവിച്ചു തീർക്കുന്ന രണ്ടു പേർ ഉണ്ടെന്ന്,

കരയിപ്പിക്കരുതേ, അവരെ ഒരിക്കലും നാം,

ഒരു കാലത്തും പൊറുക്കില്ല ദൈവം നമ്മോട്,

ഈ ലോകത്ത് നമ്മെ സ്നേഹിക്കുന്ന രണ്ടു പേരേ ഉള്ളൂ,

അവരുടെ പേരാണ് അച്ഛനെന്നും അമ്മയെന്നും.

# Still the moon is shining

MUHAMMED FAHAD (IX C)



As Hari opened the door , a breeze kissed his face and hair, as though it seeded to rush to the room. He could see the moon who was playing hide and seek behind the dark clouds. Gopan was re-dining on the lawn.

Hari went to him like a silent puzzy. "papa, what are you looking at?" asked Hari._ "Can you see anything special, today?" Gopan's reply was another question._ "where" "In the sky"" a lot of stars?""yes, one star is smiling .It wants to bliss us with love and care.... my Indu" He felt very sad and started to murmur something. Hari had a faded memory of his mother,his large eyes, attractive smile.... "where did she go once?" Hari used to ask that question to Gopan, whose answer was often strange .

He said "she was trying to make us happy through plan your mamma, do you remember her? Oh,how can a child forget his own mother? Do you love her? But"_ "What papa?" Hari had the anxiety to know it._ "But I don't like her.I can't ....I can't. She went, leaving me in despair and sad. Gopan started to cry like a child .How can he say so?" Was she the most precious thing in the world, for Gopan once? Was she , His energy, dream ,hope ......all thing ?How can he prevent the desire of God? Some unknown bird was sitting on the tree. The song was falling into his heart directly. "How melodious! But why did you stop this song ,the song of my dream, the song of eternity? Oh, you too want to go away?Gopan looked at the face of Hari. He might be thinking of a story or a rhyme that his teacher had taught him .

Perhaps he may be expecting of a play which his papa was going to introduce to him .was he going to sleep, without his papa's story or play. Gopan didn't get up, but stretched his hands towards Hari, his son .He embraced him, kissed him ."Let him hear the story, a fantasy, a creation of some stupid writers, Why can't I tell my own story to him?What's the obstacle stopping my outlet ? I don't know. I don't know anything, but one thing the story was incomplete .I must have an end only by the returning of my idea. But how? Is it possible."His thoughts provoked him to wake up his son from his lap. "Hari, let's go to bed,let's sleep" "But you have to tell story", Harry said ._"I 'll".He decided to tell the story of a lion or elephant, keeping his uncompleted story in his mind itself. Let it be there, in his heart. They were stepping towards the home. Still ,the moon was shining

# കര കരഞ്ഞിരുന്നുവോ?



നിർവികാരയായി കാത്തിരുന്ന
കരയോട്
കടൽ തന്റെ പ്രതിഷേധമറിയിച്ചു
തിരമാല തിരിച്ചുവന്നു
മുഖത്തടിച്ച പോലെ
സ്മരണതൻ ചില്ലുപാത്രം
വീണുടഞ്ഞപ്പോൾ
അറിയാതെ
കരതൻ ഹൃദയം തേങ്ങിയിരുന്നുവോ?
ദാഹം ജനിക്കുന്നതിൻ മുമ്പ്
കടൽ
കരയ്ക്ക് തന്റെ കണ്ണുനീർ കുടിക്കാൻ കൊടുത്തു
'മതി' എന്നൊരു വാക്കു പോലും പറയാതെ കര നിന്നു
നിർവികാരയായി
തിരമാല വീണ്ടും വന്നു
അതിന്റെ നൈമിഷികതയിൽ
കരയ്ക്കൊന്നും പറയാനില്ലായിരുന്നു
ഇത്തവണ
അലതൻ കയ്യിൽ ഒരു മുത്തുമാല
ഓർമയിൽ എവിടെയോ ഒരു
പിഞ്ചുകുഞ്ഞിന്റെ വിഷാദ മുഖം തെളിഞ്ഞു
'നന്ദി'

കര പറയുമെന്ന് കരുതി ഞാൻ
പക്ഷേ അതിന്റെ നിർവികാരത
അതെന്നെ ചൊടിപ്പിച്ചു

SUMAYYA K
X A

# നുറുങ്ങു കവിതകൾ

## അപാരം

*Afna tm 9c*

*ഇഞ്ചിഞ്ചായി കൊല്ലുമ്പോഴും*
*സ്വയം കരയാതെ*
*ഘാതകനെ കരയിപ്പിക്കുന്ന*
*ഉള്ളിയുടെ കഴിവ്*
*അപാരം തന്നെ...*

## വിനയം

*Afna tm 9c*

***മേനി മുഴുവൻ മുള്ളായിട്ടും***
***ഒന്നു തൊട്ടാൽ വിനയം***
***കാണിക്കാൻ തൊട്ടാവാടിക്കേ***
***കഴിയൂ....***

## സൗഹൃദം

*FATHIMA HUSNA.P 9 C*

സൗഹൃദം നെല്ലിക്ക
പോലെയാണ്...അനുഭവിക്കുന്ന
കാലത്ത്   കയിക്കും...ഓർമകളിൽ
അത് മധുരിക്കും...

# എഡിറ്റോറിയൽ അംഗങ്ങൾ



ANUGRAHA JOSE
Cheef editor



MUHAMMED NABEEL A
STUDENT EDITOR



SHALUMON K



NISANATH VM



ALPHONCE MARIYA

A big bug bit a bold bald bear and the
bold bald bear bled blood badly .

Brish brave brigadiers brandished
broad bright blades, blunder busses
and bludgeons balancing them badly.

Can you can a canned can into an uncanned
can like a canned can can a canned
can into an uncanned can?

If you must cross a course cross cow
across a crowded cow crossing, cross the
cross coarse cow across the crowd
cow crossing carefully .

Imagine an  imaginary menagerie
Manager managing an imaginary
Menagerie



Dervish derived a dish with
drumstick which done by driller drumstick
and it well known as Discovery of
dervish-drilled drumstick

***TONGUE TWISTING ENGLISH................TRY IT***

# <u>ബെസ്റ്റ് ഫ്രണ്ട്സ്</u>



*ഈ കുട്ടിയുടെ സ്ഥിതി വളരെ മെച്ചപ്പെട്ടിട്ടുണ്ട്".ഇതു കേട്ടാണ് SI കുരുവിള ആശുപത്രി കസേരയിൽ നിന്നും എഴുന്നേറ്റത്.ICU-വിൽ കിടക്കുന്ന ആ കുട്ടി ആരാണെന്നോ എന്താണെന്നോ അയാൾ-ക്കറിയില്ലായിരുന്നു.പക്ഷെ ഒന്നുമാത്രം അയാൾക്കറിയാം.താനന്വേഷിക്കുന്ന റോസ് മേരി വധക്കേസിൽ തനിക്ക് സുപ്രദാന വഴിത്തിരിവ് നൽകുവാൻ പോകുന്ന ദൃക്സാക്ഷിയാണവൾ.*

മധ്യവയസ്കനായ ആ പോലീസുകാരൻ ICU-വിന്റെ വാതിൽ തുറന്ന് മെല്ലെ അകത്തേക്ക്കയറി.അവൾ ആശുപത്രിയിൽ കിടക്കുമ്പോഴും തന്റെ ഡയറി മാറോടടക്കി പിടിച്ചിരുന്നു.അയാൾ ഏറെ പണിപ്പെട്ടാണ് അതെടുത്തത്.അതിന്റെ ആദ്യത്തെ പേജുകൾ പിന്നിട്ടപ്പോൾ അതിൽ അവളുടെ പേര് മനോഹരമായി എഴുതിയിരുന്നു.അയാൾ അത് പതിഞ്ഞ സ്വരത്തിൽ വായിച്ചു."ജ്യോതി."അപ്പോഴേക്കും അവൾ കണ്ണു തുറന്നു.SI കുരുവിള അവളോട് ചോദിച്ചു നിന്റെ കൂട്ടുകാരിയായിരുന്ന റോസ് മേരിയുടെ വധവുമായി ബന്ധപ്പെട്ടാണ് ഞാൻ വന്നിരിക്കുന്നത്.നിനക്കവളെക്കുറിച്ച് അറിയാവുന്നതെല്ലാം എന്നോട് പറഞ്ഞോളൂ.ജ്യോതി മെല്ലെ പറഞ്ഞുതുടങ്ങി.ഞാൻ ഡിഗ്രി ഫൈനൽ ഇയറിന് പഠിക്കുമ്പോഴാണ് അവൾ ഞങ്ങളുടെ കോളേജിലേക്ക് വന്നത്.തുടക്കത്തിൽ അവൾ ആരോടും മിണ്ടില്ലായിരുന്നു ഇടക്കിടക്ക് ഓവൾ കരയുമായിരുന്നു.അവളുടെ ഉള്ളിൽ എന്തോ വിശമമുണ്ടെന്ന് എനിക്ക് തോന്നിയിരുന്നു.പിന്നെ പിന്നെ ഞങ്ങൾകൂട്ടുകാരായി.പക്ഷ ഞാനെത്ര ചോദിച്ചിട്ടും ആ കാര്യം മാത്രം എന്നോ പറഞ്ഞില്ല.പക്ഷെഒരു ദിവസം അവൾ എന്നോട് പറഞ്ഞു.കുരുവിള ജ്യോതിയോട് ചോദിച്ചു എന്താണാ കാര്യം?

*റോസിന്റെ അച്ഛൻ ആ നാട്ടിലെ തന്നെ നാട്ടുപ്രമാണിയും സമൂഹത്തിൽ ഉയർന്ന സ്ഥാനം അലകരിച്ചിരുന്ന ആളുമായിരുന്നു.എന്നാൽ അദ്ദേഹത്തിന്റെ അനിയനായ ഗീവർഗ്ഗീസിനും അയാളുടെ മകൻ ആൽഫ്രിഡിനും ജോസഫിന്റെ വളർച്ചയിൽ അസൂയ ഉണ്ടായിരുന്നു.ജോസഫിനെയും റോസിനെയും കൊലപ്പെടുത്തി അവരുടെ സ്വത്തുക്കൾ കൈകലാക്കാനായിരുന്നു അവരുടെ തീരുമാനം.ഇതറിഞ്ഞാണ് ജോസഫ് തന്റെ മകളെ നാട്ടിൽ*


*നിന്നും ഹോസ്റ്റൽ സൗകര്യമുള്ള ഞങ്ങളുടെ കോളേജിൽ ചേർത്തത്.തന്റെ അപ്പച്ചനെ അവർ വധിക്കുമെന്ന് അവൾ ഭയപ്പെട്ടിരുന്നു അതുപോലെ തന്നെ തന്നെയും കൊലപ്പെടുത്തി സ്വത്തു വകകളെല്ലാം കൈകലാക്കുമെന്നും അവൾക്കറിയാമായിരുന്നു.അന്നു രാത്രി ആ വാർത്തയുമെത്തി.അവളുടെ അപ്പച്ചൻ കൊലപ്പെട്ടിരിക്കുന്നു.അന്നു തന്നെയാണ് റോസിനെയും അവർ...........തടുക്കാൻ ചെന്ന എന്നെയും അവർ വെറുതെ വിട്ടില്ല.ഇതു പറഞ്ഞപ്പോൾ അവളുടെ കണ്ണീൽനിന്നും കണ്ണീർ പൊഴിയുന്നത് അയാൾക്ക് കാണാമായിരുന്നു.അയാൾ ചോദിച്ചു."ആരാണ് റോസ് മേരിയെ വധിച്ചത്""? അപ്പോഴേക്കും അവളുടെ ദേഹത്തും അവൻ കത്തികുത്തിയിറക്കി രക്ഷപ്പെട്ടിരുന്നു.അയാൾ വീണ്ടും തന്റെ ചോദ്യം ആവർത്തിച്ചുകൊണ്ടിരുന്നു.*

ജ്യോതി തന്റെ പതിഞ്ഞ സ്വരത്തിൽ അയാളോടു മന്ത്രിച്ചു

ആ..ൽ..ഫ്ര..ഡ്.........

പുറത്തുകാത്തിരുന്ന പോലീസുകാർ ആ ചെറുപ്പക്കാരനെ പിടികൂടി.ആൽഫ്രഡിനും ഗീവർഗ്ഗീസിനും ഏറ്റവും കടുത്ത ശിക്ഷ വാങ്ങികൊടുത്തതിനു ശേഷം SI കുരുവിള തന്റെ പോലീസ് കരിയറിലെ അവസാനത്തെ കേസും ശരിയായി തെളിയിച്ചതിന്റെ ആത്മനിർവൃതിയിൽ കോടതിയുടെ പടികൾ ഇറങ്ങി.

-അൽഫോൻസ് മരിയ



# LITTLE KITES ANNUAL REPORT 2019-20

## ഹൈടെക് ക്ലാസ്സ് ഏകദിന പരിശീലനം.

ഇന്ത്യയിലെ ഏറ്റവും വലിയകുട്ടികളുടെ ഐ.ടികൂട്ടായ്മയായ ലിറ്റിൽകൈറ്റ്സിന്റെ ഫാത്തിമാബി മെമ്മോറിയൽ ഹയർ സെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് അംഗങ്ങൾക്ക് കേരള ഇൻഫ്രാ സ്ട്രക്ചർആൻഡ് ടെക്നോളജി ഫോർ എജുക്കേഷന്റെ (കൈറ്റ്) നേതൃത്വത്തിൽ ഏകദിന പരിശീലനം സംഘടിപ്പിച്ചു. സംസ്ഥാനത്തെ എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും നൽകുന്ന പരിശീനത്തിന്റെ ഭാഗമായാണ് പരിശീലനം. പരിശീനത്തിന്റെ ഔപചാരികമായ ഉദ്ഘാടനം ഹെഡ്മാസ്റ്റർ നിയാസ് ചോല യുടെ അധ്യക്ഷതയിൽ പി.ടി.എ പ്രസിഡണ്ട് പി ടി എ പ്രസിഡന്റ് ശ്രീ എൻ കെ ഇസ്മയിൽ ഉദ്ഘാടനം ചെയ്തു.കൈറ്റ് മാസ്റ്റർ ട്രെയിനർ ശ്രീ നൗഫൽ സർ ഏകദിന പരിശീലനത്തിന് നേതൃത്വം നല്കി. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കേരളത്തിലെ വിദ്യാലയങ്ങളിൽ നടപ്പിലാക്കുന്ന ഹൈടെക് ക്ലാസ്സ് മുറികളുടെ സജ്ജീകരണം, ഉപകരണങ്ങൾ പ്രവർത്തന ക്ഷമമാക്കൽ, സംരക്ഷണവും പരിപാലനവും ,സ്കൂളിലെ തന്നെ മറ്റു വിദ്യാർത്ഥികൾ, രക്ഷിതാക്കൾ എന്നിവർക്ക് ഐ.ടി പരിശീലനം നൽകൽ തുടങ്ങിയവ ലിറ്റിൽകൈറ്റ്സ് അംഗങ്ങളുടെ ഉത്തരവാദിത്വങ്ങളാണ്.ലിറ്റിൽകൈറ്റ്സ് അംഗങ്ങൾക്ക് മൊബൈൽ ആപ്പ് നിർമ്മാണം, റോബോട്ടിക്ക്, ഗ്രാഫിക് ഡിസൈൻ, ഹാർഡ്‌വെയർ,മലയാളം കമ്പ്യൂട്ടിംഗ്,പ്രോഗ്രാമിംഗ്, സൈബർസുരക്ഷ,ഇലക്ട്രോണിക്സ്, ആനിമേഷൻ എന്നിവയിൽ വിദഗ്ദ പരിശീലനവും ,യൂണിറ്റ്, ഉപജില്ല, ജില്ലാ, സംസ്ഥാന ക്യാമ്പുകളും നടക്കുംഏകദിന പരിശീലത്തിൽ ലീഡറായി മിസ്ബാഹുൽ ഹഖ് നെയും ഡെപ്യൂട്ടി ലീഡറായി മർവയെയും തെരെഞ്ഞെടുത്തു. ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ നവാസ് യു , ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്സ് ശരീഫ എൻ ഉം ആണ് ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നത്.

## ആനിമേഷൻ സിനിമാനിർമ്മാണ പരിശീലനം

ഫാത്തിമാബി മെമ്മോറിയൽ ഹയർ സെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് അംഗങ്ങൾക്ക്നൽകുന്ന വ്യത്യസ്ത മേഖലകളിലെ പരിശീലനത്തിന്റെ രണ്ടാം ഘട്ട പരിശീലനമായ ആനിമേഷൻ സിനിമാനിർമ്മാണ പരിശീലനം 12-07-2018 ന് ആരംഭിച്ചു. നാല് മണിക്കൂറുള്ള പരിശീലനം എല്ലാ ബുധനാഴ്ചയും വൈകുന്നേരമാണ് സംഘടിപ്പിക്കുക.പരിശീലനം ലഭിച്ച ലിറ്റിൽകൈറ്റ്സ് മാസ്റ്ററും ലിറ്റിൽകൈറ്റ്സ് മിസ്ട്രസ്സും ചേർന്നാണ് വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുക.പരിശീലനത്തിന്റെ ഭാഗമായി മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന് വിദ്യാർത്ഥികൾക്ക് സബിജില്ലാ -ജില്ലാ-സംസ്ഥാന തല പരിശീലനവും നൽകും

## ലിറ്റിൽ കൈറ്റ്സ് - സേവന

ലിറ്റിൽ കൈറ്റ്സ് അംഗങ്ങളിൽ സാമൂഹിക പ്രതിബദ്ധത സേവന തല്പരത സഹകരണ മനോഭാവം തുടങ്ങിയ മൂല്യങ്ങൾ വളർത്തുന്നതോടൊപ്പം ഹൈടെക് സംവിധാനങ്ങളുടെ പ്രയോജനം പൊതു ജനങ്ങൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പ ദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ് -സേവന.ഓൺലൈൻ സേവനങ്ങൾ സൗജന്യമായി ലഭ്യമാക്കുകയാണ് സേവന ലക്ഷ്യം വെക്കുന്നത്.എൻ എം എം എസ് ,എൻ ടി എസ ഇ ,പ്രീമെട്രിക് സ്കോളർഷിപ്,പോസ്റ്മെട്രിക് സ്കോളർഷിപ്,സ്നേഹപൂർവ്വം സ്കോളർഷിപ്,തുടങ്ങി വിവിധ സ്കോളർഷിപ്പുകളുടെ ഓൺലൈൻ അപേക്ഷ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ മേൽനോട്ടത്തിൽ നടത്തി.ഓൺലൈൻ സേവനം ലഭ്യമാക്കുന്ന പ്രവർത്തനങ്ങൾക്ക് കൈറ്റ്സ് അംഗങ്ങളോടൊപ്പം കൈറ്റ് മാസ്റ്റർ നവാസ് യു ,ഷെരീഫ എൻ എന്നിവർ നേതൃത്വം വഹിച്ചു.

## തിരിച്ചറിയൽ കാർഡ് വിതരണം

ഫാത്തിമാബി മെമ്മോറിയൽ ഹയർ സെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ഐ.ടി ക്ലബ് വിദ്യാർത്ഥികൾക്ക് കൈറ്റ് (KITE -Kerala Infrastructure and Technology for Education) നൽകുന്ന തിരിച്ചറിയൽ കാർഡിന്റെ വിതരണം നടത്തി . ഇന്ത്യയിലെ ഏറ്റവും വലിയ വിദ്യാർത്ഥികളുടെ ഐ.ടി കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സ് നടത്തുന്ന എല്ലാ പ്രവർത്തനങ്ങളിലും പങ്കാളിയാവുന്നവർക്കാണ് തിരിച്ചറിയൽ കാർഡ് ലഭിക്കുക. ഫാത്തിമാബി മെമ്മോറിയൽ ഹയർ സെക്കൻഡറി സ്കൂളിലെ 26 കുട്ടികളാണ് ലിറ്റിൽ കൈറ്റ്സ് ഐ.ടി ക്ലബ് അംഗങ്ങളായിട്ടുള്ളത്. തിരിച്ചറിയൽ കാർഡിന്റെ ഔപചാരികമായ വിതരണം ലിറ്റിൽ കൈറ്റ്സ് ലീഡർ മിസ്ബാഹുൽ ഹഖ്നൽകി ഹെഡ്മാസ്റ്റർ നിയാസ് ചോല നിർവ്വഹിച്ചു. ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ നവാസ് യു, ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്സ് ശരീഫ എൻ, സീനിയർ അസിസ്റ്റന്റ് ഖാലിദ് സർ സ്റ്റാഫ് സെക്രട്ടറി പ്രിൻസ് എം എം എന്നിവരും പ്രസ്തുത ചടങ്ങിൽ സന്നിഹിതരായി.

## സമഗ്ര വിഭവ പോർട്ടൽ പ്രത്യേക പരിശീലനം

18-08-2018 ന് ഫാത്തിമാബി മെമ്മോറിയൽ ഹയർ സെക്കൻഡറി സ്കൂളിലെ അഞ്ചു മുതൽ പത്താം ക്ലാസ്സുവരെയുള്ള എല്ലാ വിഷയം അധ്യാപകർക്കുമായി സമഗ്ര വിഭവ പോർട്ടൽ പരിചയപ്പെടുത്തിക്കൊണ്ടുള്ള അധിക പരിശീലനം സംഘടിപ്പിച്ചു. സ്കൂളിലെ ലിറ്റിൽകൈറ്റ്സ് ഐ.ടി ക്ലബ്ബിന്റെ നേതൃത്വത്തിലാണ് ക്ലാസ്സ് സംഘടിപ്പിച്ചത്. പുതിയ അദ്ധ്യന വർഷത്തിൽ വിദ്യാലയങ്ങളിലെല്ലാം ഹൈടെക് ക്ലാസ്സ് മുറികൾ ആയി മാറിയതോടെ അത്തരം ക്ലാസ്സ് കൈകാര്യം ചെയ്യാൻ അധ്യാപരെ പ്രാപ്തമാക്കാൻ കൈറ്റ്സ് അവധിക്കാല പരിശീലനം സംഘടിപ്പിച്ചിരുന്നു. . SITC നവാസ് യു, ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്സ് ശരീഫ എൻ ഉം ആണ് പരിശീലനം നൽകിയത്.

## ലിറ്റിൽ കൈറ്റ്സ്-കോർണർ

ഐ ടി തല്പരരായ സ്കൂളിലെ മറ്റു വിദ്യാർത്ഥികൾക്ക് കൈറ്റ്സ് ലെ കുട്ടികൾക്ക് ലഭിച്ച പ്രത്യേക പരിശീലനത്തെ കുറിച്ച അറിയാനും പഠിക്കാനും പരിശീലിക്കാനുമുള്ള സൗകര്യം ഒരുക്കുക എന്ന ഉദ്ദേശത്തോടെ ആരംഭിച്ച പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ് കോർണർ .കോർണറിൽ എല്ലാ വെള്ളിയാഴ്ചയും ഉച്ചക് 12 മുതൽ 2 വരെ 5 മുതൽ 10 വരെ ക്ലാസ്സിലെ കുട്ടികൾക്ക് കൈറ്റ്സ് ലെ കുട്ടികളുടെ സേവനം ലഭ്യമാണ്. അതോടൊപ്പം തന്നെ ഐ ടി യിൽ 5 മുതൽ 8 വരെ ക്ലാസ്സിലെ കുട്ടികളുടെ സംശയ നിവാരണം,പ്രാക്ടിക്കൽ പരിശീലനം തുടങ്ങിയവയും ലിറ്റിൽ കൈറ്റ്സ് കോർണറിൽ നടന്നുവരുന്നു.വളരെ അധികം ഫലപ്രദമായ ഈ പ്രവർത്തനം അധ്യാപകരുടെയും രക്ഷിതാക്കളുടെയും പ്രശംസ ഏറെ പിടിച്ചുപറ്റി.കൈറ്റ്സ് ലെ കുട്ടികൾക്ക് അവരുടെ അറിവും അവർക്ക് ലഭിച്ച പരിശീലനവും മാറ്റ് കുട്ടികൾക്ക് പകർന്ന് നൽകാനും ഇതിലൂടെ സാധിക്കുന്നു.

## ഐ റ്റി മേള

സ്കൂൾ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന് കീഴിൽ ഐ ടി മേള നടത്തി .യു പി വിഭാഗത്തിൽ മലയാളം ടൈപ്പിംഗ് ഡിജിറ്റൽ പെയിന്റിംഗ് ഐ ടി ക്വിസ് എന്നീ ഇനങ്ങളും ഹൈസ്കൂൾ വിഭാഗത്തിൽ മലയാളം ടൈപ്പിംഗ് ,ഡിജിറ്റൽ പെയിന്റിംഗ് ,ഐ ടി ക്വിസ്, സ്ലൈഡ് പ്രസന്റേഷൻ , ഐ ടി പ്രൊജക്റ്റ് എന്നീ മത്സരങ്ങളും സംഘടിപ്പിച്ചു.കുട്ടികളുടെ മികച്ച

*പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായ ഐ ടി മേള കൈറ്റ് മാസ്റ്റർ നവാസ് യു ന്റെ അധ്യക്ഷതയിൽ ഹെഡ്മാസ്റ്റർ നിയാസ് ചോല നിർവഹിച്ചു . വിവിധ മത്സരങ്ങളിൽ ഒന്ന്,രണ്ട്, മൂന്ന് സ്ഥാനം കരസ്ഥമാക്കിയവർക്കുള്ള സർട്ടിഫിക്കറ്റ് ഹെഡ്മാസ്റ്റർ അസ്സെംബ്ലിയിൽ വിതരണം ചെയ്തു.*

## *<u>സ്കൂൾ ഡിജിറ്റൽ മാഗസിൻ പത്രാധിപസമിതി രൂപീകരണയോഗം</u>*

*ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ സ്കൂൾ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നതിനുള്ള പത്രാധിപസമിതി രൂപീകരിക്കുന്നതിനുള്ള യോഗം 13/09/2018 ന് വൈകിട്ട് നാലുമണിക്ക് ചേർന്നു. ലിറ്റിൽ കൈറ്റ്സുകളുടെ നേതൃത്വത്തിൽ ഡിജിറ്റൽ മാഗസിൻ എന്ന ആശയം കൈറ്റ് മാസ്റ്റർ അവതരിപ്പിച്ചു. ഉള്ളടക്കശേഖരണം, നിർമ്മാണഘട്ടങ്ങൾ, നേടേണ്ട ശേഷികൾ ഇവ ചർച്ചചെയ്തു. തുടർന്ന് പത്രാധിപസമിതിയെ തെരഞ്ഞെടുത്തു. മുഹമ്മദ് അഫ്നാൻ ശാദിയ കെ പി ,മിസ്ബാഹുൽ ഹഖ്,സഹ്ല പി ,ആരിഫ തസ്നീം കെ പി ,സയ്യിദത് ഫാത്തിമ ഹിബ എന്നിവരാണ് തെരഞ്ഞെടുക്കപ്പെട്ടത്. മിസ്ബാഹുൽ ഹഖ് മുഖ്യപത്രാധിപനായി പത്രാധിപസമിതി തെരഞ്ഞെടുത്തു. സ്കൂൾ വിദ്യാരംഗം നിർവ്വാഹക സമിതി അംഗങ്ങളുടെ പ്രതിനിധികളെക്കൂടി പത്രാധിപസമിതിയിൽ ഉൾപ്പെടുത്തുന്നതിനും തീരുമാനിച്ചു. ഓരോ ക്ലാസ്സിൽ നിന്നും സൃഷ്ടികൾ ശേഖരിക്കുന്നതിന് ഓരോ പത്രാധിപസമിതി അംഗത്തെ ചുമതലപ്പെടുത്തി.*

## *<u>ലിറ്റിൽ കൈറ്റ്സ് - ലൈബ്രറി</u>*

*ഡിജിറ്റൽ ലൈബ്രറിക്ക് പുറമെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾക്കായിലിബ്രറി ആരംഭിച്ചു .പ്രധാനമായും മലയാളത്തിൽ ലഭ്യമായ വിവിധ പുസ്തകങ്ങളും മാഗസിനുകളും ടെക്സ്റ്റ് ബുക്കുകളുമാണ് ലൈബ്രറിയിൽ ക്രമീകരിച്ചിരിക്കുന്നത്. ലൈബ്രറിയുടെ ഔദ്യോഗിക ഉദ്ഘാടനം kite മാസ്റ്റർ ട്രെയ്നർ ആയ നൗഫൽ സർ കുട്ടികൾക്ക് പുസ്തകം വിതരണം ചെയ്തു നിർവഹിച്ചു.ലൈബ്രറി പുസ്തകങ്ങളുടെ മേൽനോട്ടവും വിതരണവും നിർവഹിക്കുന്നത് കൈറ്റ്സ് മിസ്ട്രസ് ആയ ശ്രീമതി ശരീഫ ടീച്ചർ ആണ്. ലൈബ്രറിയിൽ ലഭ്യമായ പുസ്തകങ്ങളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.*

| **നമ്പർ** | **പുസ്തകത്തിന്റെ പേര്** | **എഴുത്തുകാരൻ** | **നമ്പർ** | **പുസ്തകത്തിന്റെ പേര്** | **എഴുത്തുകാരൻ** |
|---|---|---|---|---|---|
| 1 | അനിമേഷൻ അടിസ്ഥാന തത്വങ്ങളും എളുപ്പവഴികളും | ഇൻഫോകൈരളി | 2 | ഇന്റർനെറ്റ് | ഐ ടി ലോകം |
| 3 | 100 കമ്പ്യൂട്ടർ പ്രതിഭകൾ | ഇൻഫോകൈരളി | 4 | ഡിജിറ്റൽ വെർസെറ്റിൽ ഡിസ്ക് പ്ലെയർ | എം സുരേന്ദ്രബാബു |
| 5 | വിൻഡോസ് 7 | ഇൻഫോകൈരളി | 6 | മൊബൈൽ ഫോൺ റിപ്പയറിങ് | ടി കെ ഹരീന്ദ്രൻ |
| 7 | കമ്പ്യൂട്ടർ ഗുരുകുലം ഡി ടി പി | ടി സീതാനാരായണൻ | 8 | ഇൻഫർമേഷൻ ടെക്നോളജി & സൈബർ ലോ | ജെനിഷ് കെ ജെ |
| 9 | മൈക്രോസോഫ്റ്റ് ഓഫീസ് | ഇൻഫോ കൈരളി | 10 | ഇലക്ട്രോണിക്സ് ഹോബി സിർക്യൂട്ടുകളും ഘടകങ്ങളും | ടി കെ ഹരീന്ദ്രൻ |

| | | | | | |
|---|---|---|---|---|---|
| 11 | ഇന്റർനെറ്റ് ടിപ്സ് &ട്രിക്സ് | ഇൻഫോകൈരളി | 12 | എൽ സി ഡി മോണിറ്റർ റിപ്പയറിങ് | ടി കെ ഹരീന്ദ്രൻ |
| 13 | നിങ്ങൾക്കും തുടങ്ങാം സ്വന്തം വെബ്സൈറ്റ് | അലക്സ് ആൻഡ്‌റൂസ് ജോർജ് | 14 | എച് ടി എം എൽ | അരുൺകുമാർ കെ |
| 15 | ലാപ്ടോപ്പ് റിപ്പയറിങ് | ടി കെ ഹരീന്ദ്രൻ | 16 | ഗ്നൂയി / ലിനക്സ് | നന്ദകുമാർ ഇടമന |
| 17 | ലിനക്സ് | ജിനേഷ് ആർ | 18 | ഗ്നൂയി / ലിനക്സ് | നന്ദകുമാർ ഇടമന |

## *ലിറ്റിൽ കൈറ്റ്സ് e -ലൈബ്രറി*

*ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളുടെ മേൽനോട്ടത്തിൽ ഡിജിറ്റൽ ലൈബ്രറി രൂപീകരിച്ചു.അഞ്ച് മുതൽ പന്ത്രണ്ട് വരെ ക്ലാസ്സുകളിലെ ടെക്സ്റ്റ് ബുക്ക് ,സൈബർ സുരക്ഷാ,എം എസ് ഓഫീസ് ,ഹാർഡ്‌വെയർ ,അനിമേഷൻ ,ഓഡിയോ വിഡിയോ എഡിറ്റിംഗ്,വിവിധ സാഹിത്യ കൃതികൾ തുടങ്ങി വിവിധ മേഖലകളിലെ നിരവധി പുസ്തകങ്ങൾ ഇ ലൈബ്രറിയിൽ ലഭ്യമാണ്.പൂർവ്വ വിദ്യാർത്ഥികളിൽ നിന്നും,വിദ്യാർത്ഥികളിൽ നിന്നും അതോടൊപ്പം അധ്യാപകരിൽ നിന്നും വിവിധ വെബ്സൈറ്റുകളിൽ നിന്നുമാണ് e book ശേഖരിച്ചത് .പുസ്തകങ്ങളുടെ പേര് വിവരങ്ങൾ താഴെ ചേർക്കുന്നു.*

| നമ്പർ | പുസ്തകത്തിന്റെ പേര് | എഴുത്തുകാരൻ | നമ്പർ | പുസ്തകത്തിന്റെ പേര് | എഴുത്തുകാരൻ |
|---|---|---|---|---|---|
| 1 | A practical introduction to 3D game development | Yasser jaffal | 2 | Artificial intelligence agents and environment | William john teahan |
| 3 | Automation & Robotics | Dr.Miltiadis a bobouls | 4 | java 15,More about java fx | paul klausen |
| 5 | Microsoft excel - 2007 | Torben lage frandsen | 6 | Microsoft office powerpoint | Torben lage frandsen |
| 7 | policing cyber crime | Petter gottschalk | 8 | Professional video & audio | Paul gutterson |
| 9 | അഭിജ്ഞാന ശാകുന്തളം | എ ആർ രാജ രാജവർമ | 10 | +൧ മലയാളം ടെക്സ്റ്റ് ബുക്ക് | SCERT |
| 11 | തിരുക്കുറൽ - മലയാളം | | 12 | രാജുനാഥന്റെ അച്ഛൻ | പി പത്മരാജൻ |
| 13 | അദ്ധ്യാത്മ രാമായണം | എഴുത്തച്ഛൻ | 14 | ആരാച്ചാർ | കെ ആർ മീര |
| 15 | ഭൂമിയുടെ അവകാശികൾ | വൈക്കം മുഹമ്മദ് ബഷീർ | 16 | ബോബനും മോളിയും | |
| 17 | ഇന്ദുലേഖ | ഓ ചന്ദുമേനോൻ | 18 | കവിതകൾ | കമല ദാസ് |
| 19 | ഖസാക്കിന്റെ ഇതിഹാസം | ഓ വി വിജയൻ | 20 | എന്റെ കഥ | മാധവിക്കുട്ടി |
| 21 | മലയിടുക്ക് | ഉംബെർട്ടോ ഇക്കോ | 22 | പേപ്പട്ടി | പി പത്മരാജൻ |

| | | | | | |
|---|---|---|---|---|---|
| 23 | രണ്ടാം ഊഴം | എം ടി | 24 | ആൽക്കമിസ്റ്റ് | പൗലോ കൊയിലോ |
| 25 | ഹിഗ്വിറ്റ | എൻഎസ് മാധവൻ | 26 | അച്ഛൻടെ മകൾ | മുത്തിരിങ്ങോട്ട് ഭവത്രാതൻ നമ്പൂതിരിപ്പാട് |
| 27 | എന്തൊക്കെയോ നഷ്ട്ടപ്പെട്ട ഒരാൾ | ഈ ഹരികുമാർ | 28 | കണ്ണീർപാടം | |
| 29 | കാറ്റ് പറഞ്ഞ കഥ | ഒ വി വിജയൻ | 30 | ഞായറാഴ്ച | മാധവിക്കുട്ടി |
| 31 | നാടൻപ്രേമം | എസ് കെ പൊറ്റക്കാട് | 32 | നഷ്ടപ്പെട്ട നീലാംബരി | മാധവിക്കുട്ടി |
| 33 | പക്ഷിയുടെ മരണം | മാധവിക്കുട്ടി | 34 | പാത്തുമ്മയുടെ ആട് | വൈക്കം മുഹമ്മദ് ബഷീർ |
| 35 | പേരില്ലാ പുസ്തകം | അഭിജിത്ത് | 36 | യക്ഷി | മലയാറ്റൂർ രാമകൃഷ്ണൻ |

## *LK-സി ഡി ലൈബ്രറി*

*ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളുടെ ശ്രമഫലമായി കുമ്പാറ ഫാത്തിമാബി മെമ്മോറിയൽ ഹയർ സെക്കൻഡറി സ്കൂളിൽ സി ഡി ലൈബ്രറി ആരംഭിച്ചു.വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട 50 ലധികം സി ഡി കൽ അന്ന് ലൈബ്രറിയിൽ ക്രമീകരിച്ചിരിക്കുന്നത്.കൈറ്റ്സ് മിസ്ട്രസ് ശരീഫ ടീച്ചർ ആണ് സി ഡി ലൈബ്രറി നിയന്ത്രിക്കുന്നത്.എല്ലാ വെള്ളിയാഴ്ചയാണ് സദ് ലൈബ്രറിയിൽ നിന്നും സദ് കൽ വിതരണം ചെയ്യുന്നതും, സ്വീകരിക്കുന്നതും .കൈറ്റ്സ് കുട്ടികളിൽ സാങ്കേതിക വായന വളർത്തുക സ്വതന്ത്ര ചിന്തകളെ പ്രോത്സാഹിപ്പിക്കുക തുടങ്ങിയവയാണ് സി ഡി ലൈബ്രറി കൊണ്ട് ഉദ്ദേശിക്കുന്നതി.കൂടാതെ പുതിയ സാങ്കേതിക വിദ്യയെ പരിചയപ്പെടാനും ഇതിലൂടെ ലക്ഷ്യമാക്കുന്നുണ്ട്.*

| SI NO: | Name of CD | Publishers | SI NO: | Name of CD | Publishers |
|---|---|---|---|---|---|
| 1 | Maps4/8 | National geographic | 2 | Cyber crime awareness programme | Avanzo |
| 3 | Buisiness management tools | Info kairali | 4 | Scientific drawing | Info kairali |
| 5 | Android Special | Info kairali | 6 | Game special | Info kairali |
| 7 | Web design | Info kairali | 8 | oppen source | Info kairali |
| 9 | Internet | Info kairali | 10 | Internet | Info kairali |
| 11 | Open source | Info kairali | 12 | Android | Info kairali |
| 13 | Xth Resource book | SCERT | 14 | Ubuntu14.02 | SCERT |
| 15 | Chandrayan | Niyas chola | 16 | My class teacher | lg |
| 17 | Mysore ZOO | Mysore | 18 | Quis | own |
| 19 | MAin board | Simmtronics | 20 | maps | National geographi |

## *സ്വതന്ത്ര സോഫ്റ്റ്‌വെയർ ദിനാചരണം*

*2018 സെപ്റ്റംബർ 15 സ്വതന്ത്ര സോഫ്റ്റ്‌വെയർ ദിനാചരണത്തിന്റെ ഭാഗമായി ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന് കീഴിൽ വിവിധ പരിപാടികൾ സങ്കടിപ്പിച്ചു.ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ മുഴുവൻ ക്ലാസ്സുകളിലൂടെയും സ്വതന്ത്ര സോഫ്റ്റ്‌വെയർ റുകളെ പരിചയപ്പെടുത്തുന്ന പ്രസന്റേഷൻ അവതരിപ്പിച്ചു .ക്ലാസ് അടിസ്ഥാനത്തിൽ നടന്ന കൊളാഷ് മത്സരത്തിൽ 10 ഡി ക്ലാസ് സ്ഥാനം കരസ്ഥമാക്കി . ഹൈ സ്കൂൾ വിദ്യാർത്ഥികൾക്കായി സങ്കടിപ്പിച്ച ഉപന്യാസ രചന മത്സരത്തിൽ 10 എ ക്ലാസ്സിലെ ഷഹാന ജാസ്മിൻ കെ ഒന്നാം സ്ഥാനം കരസ്ഥമാക്കി.സ്കൂളിലെ സ്വതന്ത്ര സോഫ്റ്റ്‌വെയർ ദിനാചരണം ഹെഡ്മാസ്റ്റർ നിയാസ് ചോല ഉദ്ഘാടനം ചെയ്തു.ചടങ്ങിൽ മുൻ മുൻ SITC യും വിജയോത്സവം കൺവീനറുമായ നാസർ ടി ടി ഫ്രീ സോഫ്റ്റ്‌വെയറുകളുടെ കാലിക പ്രസക്തിയും വെല്ലുവിളികളും എന്ന വിഷയത്തിൽ കുട്ടികൾക്കായി ക്ലാസ് എടുത്തു.ലിറ്റിൽ കൈറ്റ്സ് ലീഡർ മിസ്ബാഹുൽ ഹഖ് നന്ദി പറഞ്ഞു.*

## *സോഷ്യൽ മീഡിയ -സാധ്യതകളും ചതിക്കുഴികളും*

*സ്കൂൾ ജാഗ്രത സമിതിയുടെയും ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെയും പി ടി എ യുടെയും സംയുക്താഭിമുഖ്യത്തിൽ സോഷ്യൽ മീഡിയ -സാധ്യതകളും ചതിക്കുഴികളും എന്ന പേരിൽ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കുമായി പഠന ക്ലാസ്സ് നടത്തി.തിരുവമ്പാടി എസ് ഐ , എ എസ് ഐ എന്നിവർ ക്ലാസ് നിയന്ത്രിച്ചു.സൈബർ നിയമങ്ങൾ ,സൈബർ സുരക്ഷാ , സൈബർ കുറ്റ കൃത്യങ്ങൾ പ്രതിരോധിക്കാനുള്ള വിവിധ പോംവഴികൾ ,സോഷ്യൽ മീഡിയയിലെ സാധ്യതകളും ചതിക്കുഴികളും തുടങ്ങി നിരവധി വിഷയങ്ങൾ ക്ലാസ്സിൽ ചർച്ച ചെയ്തു .ക്ലാസ് പി ടി എ പ്രസിഡന്റ് എൻ കെ ഇസ്മയിലിന്റെ അധ്യക്ഷതയിൽ പ്രിൻസിപ്പാൾ ശ്രീ നാസർ ചെറുവടി ഉത്ഘാടനം ചെയ്തു.ഹെഡ്മാസ്റ്റർ നിയാസ് ചോല , ജാഗ്രത സമിതി കൺവീനർ ശ്രീമതി റംല എം , സ്റ്റാഫ് സെക്രട്ടറി പ്രിൻസ് , സീനിയർ അസിസ്റ്റന്റ് ഖാലിദ് എം എം ,എന്നിവർ പങ്കെടുത്തു.*

## *ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള കമ്പ്യൂട്ടർ പരിശീലനം*



*8,9,ക്ലാസ്സിലെ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുള്ള പ്രത്യേക കമ്പ്യൂട്ടർ പരിശീലനം ആരംഭിച്ചു.മിഡ് ടെം ഐ ടി പ്രാക്ടിക്കൽ പരീക്ഷയിൽ മോശം പ്രകടനം കാഴ്ച വച്ച കുട്ടികളെ ലിസ്റ്റ് ചെയ്യുകയും അവരിൽ നിന്നും കമ്പ്യൂട്ടർ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ തെരഞ്ഞെടുക്കുകയും ചെയ്തു.2018 നവമ്പർ 16 ന് റിസോഴ്സ് ടീച്ചർ ശ്രീമതി സുജ ജോർജ് ടീച്ചറിന്റെ അധ്യക്ഷതയിൽ ഹെഡ്മാസ്റ്റർ നിയാസ് ചോല പദ്ധതി ഉദ്ഘാടനം ചെയ്തു .റിസോഴ്സ് ടീച്ചറുടെ മേൽനോട്ടത്തിലാണ് ക്ലാസുകൾ ക്രമീകരിച്ചിരിക്കുന്നത്.റിസോഴ്സ് ടീച്ചർ നൽകിയ പ്രത്യേക അനുരൂപീകരണ പ്രവർത്തങ്ങൾ ഉൾകൊള്ളിച്ചു കൊണ്ട് പാഠഭാഗവുമായി ബന്ധപ്പെട്ട പരിശീലന പ്രവർത്തനങ്ങൾ ആണ് നടത്തിവരുന്നത്.ഒരു കുട്ടിക്ക് ഒരു ലിറ്റിൽ കൈറ്റ്സ് മെമ്പർ എന്ന രീതിയിൽ ആണ് പരിശീലനം നടന്നു വരുന്നത്. എല്ലാ വെള്ളിയാഴ്ചകളിലും ഉച്ചക്ക് 12 30 മുതൽ 2 മാണി വരെയാണ് പരിശീലന പ്രവർത്തനങ്ങൾ നടന്നു വരുന്നത്..*

## *ലൈബ്രറി ഡിജിറ്റൽ കാറ്റലോഗ് നിർമ്മാണം .*

*ഫാത്തിമാബി മെമ്മോറിയൽ ഹയർ സെക്കൻഡറി സ്കൂളിലെ ലൈബ്രറിയുടെ പ്രവർത്തനം സോഫ്റ്റ് വെയർ രൂപത്തിലേക്ക് മാറ്റുന്നതിന്റെ പ്രാരംഭ പ്രവർത്തനമായ ഡിജിറ്റൽ കാറ്റലോഗ് നിർമ്മാണം 07-10-2018 ന് ആരംഭിച്ചു. വിദ്യാർത്ഥികൾക്കും അധ്യാപകർക്കും രക്ഷിതാക്കൾക്കും പുസ്തകങ്ങൾ എളുപ്പം കണ്ടെത്താനും വിതരണത്തിന്റെയും തിരിച്ചെടുക്കലിന്റെയും പ്രയാസം ലഘൂകരിക്കാനുമാണ് ലൈബ്രറി പ്രവർത്തനം സോഫ്റ്റ്‌വെയർ രൂപത്തിലേക്ക് മാറുന്നത്. ഫാത്തിമാബി മെമ്മോറിയൽ ഹയർ സെക്കൻഡറി സ്കൂളിലെ ലിറ്റിൽകൈറ്റ്സ് അംഗങ്ങളാണ് ഡിജിറ്റൽ കാറ്റലോഗ് നിർമ്മാണത്തിന് നേതൃത്വം നൽകുന്നത്. ഒഴിവുസമയത്തും അവധി ദിവസങ്ങളിലുമാണ് പ്രവർത്തനം നടത്തുന്നത്. ഇംഗ്ലീഷ്, മലയാളം , ഹിന്ദി,സംസ്കൃതം, അറബി വിഭാഗങ്ങളിലായി ആയിരത്തി അഞ്ഞൂറോളം പുസ്തകങ്ങളാണ് സ്കൂൾ ലൈബ്രറിയിലുള്ളത്. ആ പുസ്തകങ്ങളുടെ വിവരങ്ങളാണ് കാറ്റലോഗിൽ ഉൾപ്പെടുത്തുന്നത്. ലിറ്റിൽകൈറ്റ്സ് അംഗങ്ങളായ വിതുൽ കെ എസ്, റൈഹാനത് പി കെ എന്നിവരാണ് ഡിജിറ്റൽ കാറ്റലോഗ് നിർമ്മാണത്തിന് നേതൃത്വം കൊടുക്കുന്നത്*

## *"ഡിജിറ്റൽ മാഗസിൻ ഇളം തെന്നലിന് പറയാനുള്ളത് "പ്രകാശനം ചെയ്തു .*



*ഫാത്തിമാബി മെമ്മോറിയൽ ഹയർ സെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ ഡിജിറ്റൽ " മാഗസിൻ ഇളം തെന്നലിന് പറയാനുള്ളത് " പ്രശസ്ത മാധ്യമ പ്രവർത്തകനും എഴുത്തുകാരനുമായ മുസ്തഫ പി അറക്കൽ പ്രകാശനം ചെയ്തു.സ്കൂളിലെ ലിറ്റിൽ കൈറ്റ് അംഗംങ്ങൾ അവരുടെ പരിശീലന കാലയളവിൽ ആർജിച്ചെടുത്ത കഴിവുകൾ സംയോജിപ്പിച്ചു ലിബർ ഓഫീസ് റൈറ്റർ , ജിമ്പ് , ഇങ്ക്സ്കേപ്പ് എന്നീ സ്വതന്ത്ര സോഫ്റ്റ്‌വെയറുകളുടെ സഹായത്തോടെയാണ് മാഗസിൻ നിർമ്മാണം പൂർത്തീകരിച്ചത് അധ്യാപകരുടെ ആത്മാർത്ഥമായ സേവനവും കുട്ടികൾക് മുതൽക്കൂട്ടായി.*പ്രളയം, പ്രളയാനന്തര കേരളത്തിന്റെ പുനർനിർമാണം ,യുവതലമുറനേരിടുന്ന വെല്ലുവിളികൾ തുടങ്ങി നിരവധി വിഷയങ്ങൾ മാഗസിനിൽ ചർച്ചാ വിഷയമായി. കുട്ടികളുടെ സർഗാത്മക സൃഷ്ടികൾ അനുയോജ്യമായ ലെ ഔട്ടുകൾ ചേർത്ത് മനോഹരമായാണ് ഡിജിറ്റൽ മാഗസിനിലെ ഓരോ താളും ക്രമീകരിച്ചിരിക്കുന്നത്.

ചടങ്ങിൽ പി ടി എ പ്രസിഡന്റ് ശ്രീ യെൻ കെ ഇസ്മയിലിന്റെ അധ്യക്ഷതയിൽ സംസ്ഥാന അധ്യാപക അവാർഡ് ജേതാവും മാസ്റ്റർ ട്രെയ്നറുമായ ശ്രീ കെ ജെ പോളിനെ ഹെഡ്മാസ്റ്റർ നിയാസ് ചോല ആദരിച്ചു .ഹയർ സെക്കൻഡറി പ്രിൻസിപ്പാൾ നാസർ ചെറുവാടി ,സ്റ്റാഫ് സെക്രട്ടറി പ്രിൻസ് ടി കെ , ബീന എം , നാസർ ടി ടി ,സ്റ്റാഫ് എഡിറ്റർ ശരീഫ എൻ കെ , എസ് ഐ ടി സി നവാസ് യു എന്നിവർ പങ്കെടുത്തു .ചടങ്ങിൽ സ്റ്റുഡന്റ് എഡിറ്റർ മിസ്ബാഹുൽ ഹഖ് നന്ദി പ്രകാശിപ്പിച്ചു.

## *ലിറ്റിൽ കൈറ്റ്സ് 2019 രൂപീകരണം .*

വ്യത്യസ്തമായ നിരവതി പ്രവർത്തനങ്ങളിലൂടെ ക്യാമ്പസിലെ ട്രന്റായി മാറിയ ലിറ്റിൽ കൈറ്റ്സിന്റെ പുതിയ യൂണിറ്റിലേക്ക് ഈ വർഷം 46 കുട്ടികളാണ് അപേക്ഷ നൽകിയത്. ലിറ്റിൽ കൈറ്റ്സ് 2018 ന്റെ മേൽ നോട്ടത്തിൽ 23-01-2019 ന് നടന്ന പരീക്ഷയിലൂടെയാണ് 25 കുട്ടികളെ തിരഞ്ഞെടുത്തത്. ഉദ്ഘാടനം പ്രധാനാധ്യാപകൻ നിയാസ് ചോല നിർവഹിച്ചു. എസ്.ആർ.ജി കൺവീനർ റിജുല സി പി ,സ്റ്റാഫ് സെക്രട്ടറി പ്രിൻസ് എം എം, പി.ടി.എ പ്രസിഡണ്ട് ഇസ്മായിൽ എൻ കെ, തുടങ്ങിയവർ ആശംസയർപ്പിച്ച് സംസാരിച്ചു. ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ നവാസ് യു സ്വാഗതവും ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്സ് ശരീഫ എൻ കെ നന്ദിയും പറഞ്ഞു.

## *ക്യാമറ പരിശീലനം .*

ക്രിസ്തുമസ് അവധിക്കാലത്ത് ഉപജില്ലാ തലത്തിൽ നടന്ന ക്യാമറ പരിശീലനത്തിൽ സ്കൂളിനെ പ്രതിനിധീകരിച്ചു അൻഷന നസ്രീന ഫാത്തിമ സഫ്ന എം എന്നിവർ പങ്കെടുത്തു .ദ്വിദിന പരിശീലനത്തിൽ പരിചയപ്പെട്ട സൗണ്ട് എഡിറ്റിങ് സോഫ്റ്റ്‌വെയർ ആയ AUDACITY ,വീഡിയോ എഡിറ്റിങ് സോഫ്റ്റ്‌വെയർ ആയ KDENLIVE 18.08, DSLR ക്യാമറ ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ തുടങ്ങിയവ കൈറ്റ്സലെ മറ്റ അംഗങ്ങൾക്ക് പരിചയപ്പെടുത്തി നൽകി.ക്യാമ്പിൽ നിന്നും ലഭിച്ച ആത്മവിശ്വാസത്തിന്റെ പിൻബലത്തിൽ ഡിജിറ്റൽ മാഗസിൻ പ്രകാശന ചടങ്ങിന്റെ വീഡിയോ ചിത്രീകരിക്കുകയും കൃത്യമായ രീതിയിൽ എഡിറ്റിങ് പൂർത്തിയാക്കി വിസിറ്റേഴ്സ് ചാനലിലേക്ക് അപ്‌ലോഡ് ചെയ്യുകയും ചെയ്തു.മിസ്ബാഹുൽ ഹഖ് ,മുഹമ്മദ്അഫ്നാൻ , വിതുൽ കെ എസ് എന്നിവർ ക്യാമറക്ക് പിന്നിൽ പ്രവർത്തിച്ചപ്പോൾ ആരിഫ തസ്നീം തയ്യാറാക്കിയ ന്യൂസിന് 8 ബി ക്ലാസ്സിലെ അനുഗ്രഹ ജോസ് ശബ്ദം നൽകി .നിരന്തരമായ പരിശീലനത്തിലൂടെ കമ്പ്യൂട്ടർ ഉപയോഗത്തിൽ പ്രാഗത്ഭ്യം നേടിയ ലിറ്റിൽ കൈറ്റ്സ് കുട്ടികൾ അധ്യാപനത്തിന്റെ ഹരിശ്രീ കുറിക്കുന്നു .കുമ്പാറ ഫാത്തിമാബി മെമ്മോറിയൽ ഹൈ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് കുട്ടികളും അധ്യാപകരും ചേർന്ന് അമ്മമാർക്കുള്ള കമ്പ്യൂട്ടർ പരിശീലനം നടത്തി.കമ്പ്യൂട്ടറിന്റെ പ്രാഥമിക പാഠങ്ങൾ മലയാളം, ഇംഗ്ലീഷ് ഭാഷ ടൈപ്പിംഗ് ഓഫീസിൽ പാക്കേജ് ,ഇന്റർനെറ്റ് തുടങ്ങി നിത്യ ജീവിതത്തിൽ അവശ്യം അറിഞ്ഞിരിക്കേണ്ട കാര്യങ്ങളാണ് പഠിപ്പിക്കുന്നത്.അധ്യാപകരുടെ മേൽ നോട്ടത്തിൽ തയ്യാറാക്കിയ പ്രതേക മൊഡ്യൂൾ അനുസരിച് 5 മണിക്കൂർ ദൈർഘ്യാമുള്ള പരിശീലനമാണ് തയ്യാറാക്കിയിരിക്കുന്നത് .തുടർ പഠനം ആഗ്രഹിക്കുന്ന രക്ഷിതാക്കൾക്ക് അതിനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട് . സ്വതന്ത്ര ഓപ്പറേറ്റിംഗ് സിസ്റ്റം ആയ ഉബുണ്ടുവിൽ ആണ് പഠനം .വൈകുന്നേരങ്ങളിലും ഒഴിവു ദിവസങ്ങളിലുമാണ് ക്ലാസുകൾ നടക്കുക.കമ്പ്യൂട്ടർ പഠനത്തിന്റെ ഔപചാരികമായ ഉദ്ഘടനം സീനിയർ അസിസ്റ്റന്റ് കാലിദ് എം എം ന്റെ അധ്യക്ഷതയിൽ ഹെഡ്മാസ്റ്റർ നിയാസ് ചോല നിർവഹിച്ചു.കൈറ്റ്സ് മിസ്ട്രസ് ശരീഫ എൻ സ്പോകൻ ഇംഗ്ലീഷ് ടീച്ചർ സിൽവി ,മദർ പി ടി എ അംഗം ലിനി ജോൺസൺ എന്നിവർ ആശംസകളർപ്പിച്ചു.കൈറ്റ് മാസ്റ്റർ നവാസ് യു സ്വാഗതവും ലീഡർ മിസ്ബാഹുൽ ഹഖ് നന്ദിയും പറഞ്ഞു.

# *രക്ഷിതാക്കൾക്കുള്ള കമ്പ്യൂട്ടർ പരിശീലനം* .

നിരന്തരമായ പരിശീലനത്തിലൂടെ കമ്പ്യൂട്ടർ ഉപയോഗത്തിൽ പ്രാഗത്ഭ്യം നേടിയ ലിറ്റിൽ കൈറ്റ്സ് കുട്ടികൾ അധ്യാപനത്തിന്റെ ഹരിശ്രീ കുറിക്കുന്നു .കുമ്പാറ ഫാത്തിമാബി മെമ്മോറിയൽ ഹൈ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് കുട്ടികളും അധ്യാപകരും ചേർന്ന് അമ്മമാർക്കുള്ള കമ്പ്യൂട്ടർ പരിശീലനം നടത്തി.കമ്പ്യൂട്ടറിന്റെ പ്രാഥമിക പാഠങ്ങൾ മലയാളം, ഇംഗ്ലീഷ് ഭാഷ ടൈപ്പിംഗ് ഓഫീസിൽ പാക്കേജ് ,ഇന്റർനെറ്റ് തുടങ്ങി നിത്യ ജീവിതത്തിൽ അവശ്യം അറിഞ്ഞിരിക്കേണ്ട കാര്യങ്ങളാണ് പഠിപ്പിക്കുന്നത്.



അധ്യാപകരുടെ മേൽ നോട്ടത്തിൽ തയ്യാറാക്കിയ പ്രതേക മൊഡ്യൂൾ അനുസരിച് 5 മണിക്കൂർ ദൈർഘ്യമുള്ള പരിശീലനമാണ് തയ്യാറാക്കിയിരിക്കുന്നത് .തുടർ പഠനം ആഗ്രഹിക്കുന്ന രക്ഷിതാക്കൾക്ക് അതിനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട് . സ്വതന്ത്ര ഓപ്പറേറ്റിംഗ് സിസ്റ്റം ആയ ഉബുണ്ടുവിൽ ആണ് പഠനം .വൈകുന്നേരങ്ങളിലും ഒഴിവു ദിവസങ്ങളിലുമാണ് ക്ലാസുകൾ നടക്കുക.കമ്പ്യൂട്ടർ പഠനത്തിന്റെ ഔപചാരികമായ ഉദ്ഘടനം സീനിയർ അസിസ്റ്റന്റ് കാലിദ് എം എം ന്റെ അധ്യക്ഷതയിൽ ഹെഡ്മാസ്റ്റർ നിയാസ് ചോല നിർവഹിച്ചു.കൈറ്റ്സ് മിസ്ട്രസ് ശരീഫ എൻ സ്പോകൻ ഇംഗ്ലീഷ് ടീച്ചർ സിൽവി ,മദർ പി ടി എ അംഗം ലിനി ജോൺസൺ എന്നിവർ ആശംസകളർപ്പിച്ചു.കൈറ്റ് മാസ്റ്റർ നവാസ് യൂ സ്വാഗതവും ലീഡർ മിസ്ബാഹുൽ ഹഖ് നന്ദിയും പറഞ്ഞു.

നിരന്തരമായ പരിശീലനത്തിലൂടെ കമ്പ്യൂട്ടർ ഉപയോഗത്തിൽ പ്രാഗത്ഭ്യം നേടിയ ലിറ്റിൽ കൈറ്റ്സ് കുട്ടികൾ അധ്യാപനത്തിന്റെ ഹരിശ്രീ കുറിക്കുന്നു .കുമ്പാറ ഫാത്തിമാബി മെമ്മോറിയൽ ഹൈ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് കുട്ടികളും അധ്യാപകരും ചേർന്ന് അമ്മമാർക്കുള്ള കമ്പ്യൂട്ടർ പരിശീലനം നടത്തി.കമ്പ്യൂട്ടറിന്റെ പ്രാഥമിക പാഠങ്ങൾ മലയാളം, ഇംഗ്ലീഷ് ഭാഷ ടൈപ്പിംഗ് ഓഫീസിൽ പാക്കേജ് ,ഇന്റർനെറ്റ് തുടങ്ങി നിത്യ ജീവിതത്തിൽ അവശ്യം അറിഞ്ഞിരിക്കേണ്ട കാര്യങ്ങളാണ് പഠിപ്പിക്കുന്നത്.അധ്യാപകരുടെ മേൽ നോട്ടത്തിൽ തയ്യാറാക്കിയ പ്രതേക മൊഡ്യൂൾ അനുസരിച് 5 മണിക്കൂർ ദൈർഘ്യമുള്ള പരിശീലനമാണ് തയ്യാറാക്കിയിരിക്കുന്നത് .

തുടർ പഠനം ആഗ്രഹിക്കുന്ന രക്ഷിതാക്കൾക്ക് അതിനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട് . സ്വതന്ത്ര ഓപ്പറേറ്റിംഗ് സിസ്റ്റം ആയ ഉബുണ്ടുവിൽ ആണ് പഠനം .വൈകുന്നേരങ്ങളിലും ഒഴിവു ദിവസങ്ങളിലുമാണ് ക്ലാസുകൾ നടക്കുക.കമ്പ്യൂട്ടർ പഠനത്തിന്റെ ഔപചാരികമായ ഉദ്ഘടനം സീനിയർ അസിസ്റ്റന്റ് കാലിദ് എം എം ന്റെ അധ്യക്ഷതയിൽ ഹെഡ്മാസ്റ്റർ നിയാസ് ചോല നിർവഹിച്ചു.കൈറ്റ്സ് മിസ്ട്രസ് ശരീഫ എൻ സ്പോകൻ ഇംഗ്ലീഷ് ടീച്ചർ സിൽവി ,മദർ പി ടി എ അംഗം ലിനി ജോൺസൺ എന്നിവർ ആശംസകളർപ്പിച്ചു.കൈറ്റ് മാസ്റ്റർ നവാസ് യൂ സ്വാഗതവും ലീഡർ മിസ്ബാഹുൽ ഹഖ് നന്ദിയും പറഞ്ഞു.

# ഹാർഡ്‌വെയർ ലാബ്

ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് അംഗങ്ങൾക്കും മറ്റു കുട്ടികൾക്കും കമ്പ്യൂട്ടറിന്റെ യന്ത്ര സംവിധാനം മനസിലാക്കുക എന്ന ലക്ഷ്യത്തോടെ ആണ് ഹാർഡ്‌വെയർ ലാബ് ആരംഭിച്ചത് .ലിറ്റിൽ കൈറ്റ്സ് കുട്ടികൾക്ക് ഹാർഡ്‌വെയർ ലാബിൽ പ്രതേക



പരിശീലനം നൽകി വരുന്ന് പ്രധാനമായും കമ്പ്യൂട്ടർ അസ്സെംബ്ളിങ് വിവിധ ഹാർഡ്‌വെയർ കംപ്യൂട്ടറുമായി ,പ്രോഗ്രാം ഇൻസ്റ്റലേഷൻ,ഡ്രൈവർ ഇൻസ്റ്റാൾമെൻറ്,ഉബുണ്ടു ഓ എസ് ഇൻസ്റ്റലേഷൻ തുടങ്ങിയ പ്രവർത്തനങ്ങൾ ആണ് ഹാർഡ്‌വെയർ ലാബിൽ പ്രധാനമായും നടന്ന വരുന്നത്.

ഹാർഡ്‌വെയർ ലാബിന്റെ ഭാഗമായി വിവിധതരം മദർ ബോർഡ് , റാം , ഹാർഡ് ഡിസ്ക്, സി ഡി , ഡി വി ഡി റൈറ്ററുകൾ ഫ്ലോപ്പി ഡ്രൈവ് , വിവിധതരം ആഡ് ഓൺ കാർഡുകൾ , വിവിധതരം മെമ്മറി ഡിവൈസ് തുടങ്ങിയവ ക്രമീകരിച്ചിരിക്കുന്നു

# Home Based Education



Home Based Education പദ്ധതിയുടെ ഭാഗമായി ഫാത്തിമാബി മെമ്മോറിയൽ ഹയർ സെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെയും ചങ്ങാതിക്കൂട്ടത്തിന്റെയും നേതൃത്വത്തിൽ ഭവന സന്ദർശനം നടത്തി.ശാരീരികമായോ മാനസികമായോ പ്രയാസമനുഭവിക്കുന്നതും സ്കൂളിൽ വന്ന വിദ്യാഭ്യാസം നടത്താൻ കഴിയാത്തതുമായ ഭിന്നശേഷി വിദ്യാർത്ഥികളെയാണ് ഇതിനായി തെരെഞ്ഞെടുത്തത്.

റിസോഴ്സ് അദ്ധ്യാപിക ശ്രീമതി സുജ ജോർജ് ,കൈറ്റ് മിസ്ട്രസ് ശരീഫ എൻ , വിജയോത്സവം കൺവീനർ നാസർ ടി ടി കൈറ്റ് മാസ്റ്റർ നവാസ് യൂ എന്നിവരുടെ നേതൃത്വത്തിൽ കുട്ടികൾ അഭിഷേക് സണ്ണി എന്ന വിദ്യാർത്ഥിയുടെ വീട്ടിൽ പോവുകയും കമ്പ്യൂട്ടറിന്റെ ബാലപാഠങ്ങൾ പറഞ്ഞു കൊടുക്കുകയും ചെയ്തു.

വളരെ സന്തോഷത്തോടു കൂടിയാണ് അഭിഷേക് ലിറ്റിൽ കൈറ്റ്സ് നെയും ചങ്ങാതിക്കൂട്ടത്തെയും വരവേറ്റത്.ചങ്ങാതിമാർ നൽകിയ മിഠായി പാക്കറ്റും കമ്പ്യൂട്ടർ ഗെയിമും അവനെ കൂടുതൽ സന്തോഷവാനാക്കി .കമ്പ്യൂട്ടറിൽ വ്യത്യസ്ത മൃഗങ്ങളുടെ ശബ്ദം കേൾപ്പിച്ചു കൊണ്ടായിരുന്നു തുടക്കം.കൂട്ടുകാരുടെ കയ്യടിച്ചുള്ള പ്രോത്സാഹനം കൂടിയായപ്പോൾ അവൻ കൂടുതൽ സന്തോഷവാനായി.ആഴ്ചയിൽ ഒരു ദിവസം ഒരു മണിക്കൂർ അഭിഷേകിനൊപ്പം ചെലവഴിക്കാനാണ് ലിറ്റിൽ കൈറ്റ്സ് ന്റെയും ചങ്ങാതിക്കൂട്ടത്തിന്റെയും തീരുമാനം

## *it @ ഗോത്രഗൃഹ*



ഫാത്തിമാബി മെമ്മോറിയൽ ഹയർ സെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ it @ ഗോത്രഗൃഹ എന്ന പേരിൽ പ്രതേക കമ്പ്യൂട്ടർ പരിശീലന പരിപാടിക്ക് തുടക്കം കുറിച്ചു. ഭാഗമായി ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിലെ മാങ്കുന്ന ആദിവാസി കോളനി സന്ദർശിക്കുകയും വീടുകൾ കയറിയിറങ്ങി അവരെ ക്ലാസുകളിലേക്ക് ക്ഷണിക്കുകയും ചെയ്തു.ഈ രക്ഷിതാക്കൾക്കായി ഒരു മണിക്കൂർ ദൈർഘ്യമുള്ള പ്രതേക പഠന പദ്ധതിയാണ് തയ്യാറാക്കിയിരിക്കുന്നത്.

ലിബർ ഓഫീസ് റൈറ്റർ ,ഇന്റർനെറ്റ്,ഗെയിം , തുടങ്ങിയവയാണ് മോഡ്യൂളിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.കമ്പ്യൂട്ടറിന്റെ ഉപയോഗ രീതിയെ കുറിച് രക്ഷിതാക്കളെ ബോധവത്കരിക്കുകയാണ് ഈ പദ്ധതി ലക്ഷ്യം വെക്കുന്നത്.സാമൂഹിക പ്രതിബദ്ധതയുള്ള ഈ പദ്ധതിയുടെ ഭാഗമായി വൈകുന്നേരങ്ങളിൽ നാലു മുതൽ അഞ്ച് വരെയാണ് ക്ലാസുകൾ ക്രമീകരിച്ചിരിക്കുന്നത്.

## *വ്യവസായ സന്ദർശനം (ഇൻഡസ്ട്രിയൽ വിസിറ്റ്)*

ഫാത്തിമാബീ മെമ്മോറിയൽ ഹയർ സെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ് ക്ലബ്ബിന്റെ ഇൻഡസ്ട്രിയൽ വിസിറ്റ് 16- 2- 2019 ശനിയാഴ്ച നടന്നു.ഒരു ദിവസം മുഴുവൻ നീണ്ടുനിന്ന ഈ പഠനയാത്ര ഒരുപക്ഷേ ലിറ്റിൽ കൈറ്റ് വിദ്യാർഥികളുടെ ജീവിതത്തിൽ തന്നെ വഴിത്തിരിവാകുന്ന ഒരു യാത്രയായിരുന്നു. രാവിലെ 6 30 ന് ആരംഭിച്ച യാത്ര അവസാനിച്ചത് രാത്രി 9 30 ഓടു കൂടിയാണ്.ആദ്യ ലക്ഷ്യസ്ഥാനം കൊഴിലാണ്ടി ഇടയിൽ സ്ഥിതിചെയ്യുന്ന കെൽട്രോൺ ലൈറ്റനിംഗ് യൂണിറ്റ് ആയിരുന്നു.ഇവിടെനിന്നും എൽഇഡി ബൾബ് ഹിയറിങ് എയ്ഡ് എന്നിവയുടെ നിർമ്മാണ രീതിയെ കുറിച്ച് വളരെ വിശദമായ ക്ലാസുകൾ തന്നെ വിദ്യാർത്ഥികൾക്ക് ലഭിച്ചു. നിർമ്മാണത്തിന് ആദ്യഘട്ടം മുതൽ ക്വാളിറ്റി ടെസ്റ്റിംഗ് വരെയുള്ള വിവിധ യൂണിറ്റുകളിലൂടെ വിദ്യാർഥികൾ കടന്നുപോവുകയും ഓരോന്നിനെയും കുറിച്ചുള്ള അവരുടെ സംശയങ്ങൾ അവിടെയുള്ള വിദഗ്ധരിൽ നിന്ന് അവർ ചോദിച്ച് മനസിലാക്കുകയും ചെയ്തു.

കെൽട്രോൺ യൂണിറ്റിൽനിന്നും വിദ്യാർഥികൾ നേരെപോയത് ചരിത്രപ്രസിദ്ധമായ കാപ്പാട് ബീച്ചിലേക്ക് ആയിരുന്നു. കടലിൻറെ വശ്യതയും മനോഹാരിതയും എല്ലാം വിദ്യാർഥികൾ ആസ്വദിച്ചു. ഉച്ചഭക്ഷണത്തിനുശേഷം വിദ്യാർത്ഥികൾ കോഴിക്കോട് തൊണ്ടയാട് സ്ഥിതിചെയ്യുന്ന യുഎൽ സൈബർ പാർക്ക് ലക്ഷ്യം വെച്ച് നീങ്ങി.നിശബ്ദമായ ക്യാമ്പസ് അന്തരീക്ഷത്തിൽ അതിലേറെ നിശബ്ദമായി വിദ്യാർഥികൾ യുഎൽ സൈബർ പാർക്ക് ചുറ്റി. കണ്ടു. ഇവിടെ വിദ്യാർഥികൾക്കായി വിദഗ്ധരുടെ ക്ലാസുകൾ ക്രമീകരിച്ചിരുന്നു. ആദ്യം q ഗോപി എന്ന സ്റ്റാർട്ടപ്പ് കമ്പനിയുടെ സിഇഒ ആയിരുന്നു വിദ്യാർഥികൾക്കായി ക്ലാസുകൾ നയിച്ചത്. ടെക്നോളജിയെക്കുറിച്ച് ഭാവി സാധ്യതയെക്കുറിച്ചും വിശദമായിതന്നെ ഇദ്ദേഹം കുട്ടികൾക്ക് വിശദീകരിച്ചു നൽകി. ക്ലാസിനുശേഷം കുട്ടികൾ അവരുടെ ആശയങ്ങൾ

വിദഗ്ധരുമായി പങ്കുവെക്കുകയും അതിന്റെ സാധ്യതകളെക്കുറിച്ച് ചർച്ച നടത്തുകയും ചെയ്തു. ഇവിടെനിന്നും വിദ്യാർഥികൾ നേരെപോയത് കോഴിക്കോട് പ്ലാനറ്റോറിയത്തിലേക്കായിരുന്നു. വിദ്യാർഥികൾ പാഠഭാഗങ്ങളുടെ കടന്നുപോയ പല ശാസ്ത്രങ്ങളും പരീക്ഷണത്തിലൂടെ കണ്ടറിയാനുള്ള അവസരം ലഭിച്ചു.അവിടെയുള്ള ഫണ്ണി സയൻസ് ത്രീഡി ഫിലിം ഷോ തുടങ്ങിയവ വിദ്യാർത്ഥികളെ തെല്ലൊന്നുമല്ല അധിക്ഷേപിച്ച ശേഷം നടന്ന പ്ലാനറ്റോറിയം ഷോയിൽ സൗരയൂഥത്തെ കുറിച്ച് അവരുടെ മനസ്സിലുണ്ടായിരുന്ന ഉത്തരം കിട്ടാത്ത പല ചോദ്യങ്ങൾക്കും ഉള്ള മറുപടി ആയിരുന്നു. പ്ലാനറ്റോറിയം ഷോയും കഴിഞ്ഞ് നേരെ പോയത് ബീച്ചിലേക്ക് ആയിരുന്നു അവിടെ നിന്ന് സൂര്യാസ്തമനം ആസ്വദിച്ച ശേഷം ഒരു ദിവസത്തെ പഠനയാത്രക്ക് വിരാമമിട്ടുകൊണ്ട് 7 മണിയോടെ ഞങ്ങൾ പൂമ്പാറ്റയിലേക്ക് തന്നെ തിരിച്ചു.

## ഹാർഡ്‌വെയർ പ്രദർശനം

ഫാത്തിമാബി മെമ്മോറിയൽ എച് എച് എസ്സ് ഹയർ സെക്കൻഡറി സ്കൂളിലെ പഠനോത്സവത്തിൽ ഭാഗമായി ലിറ്റിൽ കൈറ്റ് ക്ലബ്ബിനു കീഴിൽ ഹാർഡ്‌വെയർ പ്രദർശനം ഒരുക്കി. വിവിധ തലമുറകളിലെ കമ്പ്യൂട്ടർ ഹാർഡ്‌വെയറുകൾ സ്റ്റാളിൽ ക്രമീകരിച്ചു. ടെലികമ്മ്യൂണിക്കേഷൻ രംഗത്തുണ്ടായ തലമുറ മാറ്റം കാണിക്കുന്നതിനായി വിവിധ തലമുറകളിലെ ഫോണുകൾ കുട്ടികളിൽ പ്രദർശിപ്പിച്ചു. വിവിധതരം സ്റ്റോറേജ് ഡിവൈസുകൾ പരിചയപ്പെടുത്തുന്നതിനായി പെട്ടി പാട്ട് ടേപ്പ് റിക്കോർഡർ വിസിഡി പ്ലെയർ ഡിവിഡി പ്ലയർ യൂ എസ് ബി, മെമ്മറി കാർഡ് തുടങ്ങിയവയും ഒരുക്കി. അതോടൊപ്പംതന്നെ വിവിധതരം input output ഉപകരണങ്ങൾ, പവർ മാനേജ്മെൻറ് സിസ്റ്റം, വിവിധ തലമുറകളിലെ ക്യാമറകൾ തുടങ്ങിയവയും സ്റ്റാളിൽ ഒരുക്കിയിരുന്നു. ഹാർഡ്‌വെയർ പ്രദർശനം മുക്കം ഉപജില്ലാ മാസ്റ്റർ ട്രെയിനർ ആയോ നൗഫൽ സാർ ഉദ്ഘാടനംചെയ്തു .സമീപ സ്കൂളിലെ അധ്യാപകർ വിദ്യാർത്ഥികൾ രക്ഷിതാക്കൾ തുടങ്ങി നാടിന്റെ വിവിധഭാഗങ്ങളിൽ നിന്നുള്ള ആളുകൾ പ്രദർശനം കാണാനെത്തിയത് ക്ലബ്ബംഗങ്ങൾ ക്ക് ആവേശമായി .സ്റ്റാൾ സന്ദർശിച്ച മുക്കം ഏ ഈ ഒ പ്രദർശനം ഒരുക്കിയ ലിറ്റിൽ കൈറ്റ് അംഗങ്ങളെ പ്രത്യേകം അഭിനന്ദിച്ചു.



# ആത്മാവിന്റെ രോദനം



*ഹോസ്റ്റൽ മുറിയിലെ ചിതലരിച്ച മച്ചിലേക്ക് നോക്കിയിരിപ്പ് തുടങ്ങിയിട്ട് സമയം സന്ധ്യ ആവാൻ പോകുന്നു. മറ്റു പല റൂമുകളിൽനിന്നും കുട്ടികളുടെ കലപില ശബ്ദം കേൾക്കുന്നുണ്ട്. അടക്കിപിടിച്ച സംസാരം, പുറത്തേക്ക് വരാത്ത ഗദ്ഗദത്തിന്റെ ചീളുകൾ. നാളെമുതൽ അവധിക്കാലം തുടങ്ങുകയാണ്. അതുകൊണ്ടുതന്നെ പല റൂമുകളും, വരാന്തകളും കുട്ടികളുടെ ശബ്ദങ്ങളാൽ മുഖരിതമായിരുന്നു. ഒരുപക്ഷേ ഈ തിരക്കുകൾ ഒന്നും ബാധിക്കാത്ത ഏക വ്യക്തി താൻ ആയിരിക്കും എന്ന് അവൾ ഓർത്തു. തനിക്കും അവധിയാണ്. ജീവിതത്തിലെ എല്ലാ കാര്യങ്ങൾക്കും താനും എന്തോ അവധി കൊടുത്തിരിക്കുകയാണ്. നഷ്ടപ്പെട്ടുപോയ ബാല്യവും കൗമാരവും, പിന്നെ ഇതാ യൗവ്വനവും....ചിന്തിക്കാൻ ഇഷ്ടമില്ലാത്ത ഓർക്കാൻ ഇഷ്ടമില്ലാത്ത പഴയ ആ നാട്ടിൻപുറവും, പിന്നെ തനിക്ക് ഏറെ പ്രിയപ്പെട്ട മണിക്കുട്ടിയും, അവളുടെ കുറുമ്പൻ ആയ അനിയനും .ഒരു പക്ഷേ അവൾക്ക് അറിയാമായിരുന്നു എത്ര ആട്ടിപ്പായിച്ചാലും ചിറകു മുളയ്ക്കുന്ന പഴയ സ്വപ്നങ്ങളുടെ ചിറകിൽ ഇത്തിരി നേരമെങ്കിലും പറക്കാൻ താൻ*

*ആഗ്രഹിക്കാറുണ്ടാ യിരുന്നു എന്ന സത്യം . 'എടീ... അമ്മു,'നീ എവിടെയാടീ ചിന്തിക്കുന്നത് ? എത്ര നേരമായി ഞങ്ങളിരുന്നു വിളിക്കുന്നു.*
*ഇവൾ ഏതോ സ്വപ്നലോകത്ത് ആണ്.ഓ.... തുടങ്ങി ഇവറ്റകൾ പതിവുപോലെ ,അല്ലെങ്കിലും എന്നും കേൾക്കാറുള്ളതാണ് സ്വപ്നജീവി, ബുദ്ധിജീവി എന്നിങ്ങനെയുള്ള പദങ്ങൾ തന്റെ മേൽ*

ചാർത്തുന്നത് പുതിയ കാര്യമൊന്നുമല്ല .ഇവിടെ വന്നത് മുതൽ തന്നെ വട്ടമിട്ടു കൂടിയതാണ് ഇവറ്റകൾ .ഞാൻ എന്താ ഇങ്ങനെ ആയത് എന്ന് അവർക്കറിയണം പോലും. എങ്ങനെയായതെന്ന്..... ആരോടും മിണ്ടാതെ എല്ലാവരിൽ നിന്നും അകന്നിക്കുന്നത് ഏതോ ചില രോഗലക്ഷണങ്ങൾ ആണെന്ന് വരെ റൂം നമ്പർ 3 ലെ ആശ പറഞ്ഞുകളഞ്ഞു.

അവൾക്ക് രണ്ട് കൊടുക്കാനാണ് അന്ന് തോന്നിയത് .അതെ, എനിക്കും അവൾ പറഞ്ഞ രോഗലക്ഷണമാണ്. ഭ്രാന്ത്...... അല്ലെങ്കിലും അതില്ലാത്തത് ഈ ലോകത്ത് അവൾക്ക് മാത്രമല്ലേയുള്ളൂ. ആരോടും മിണ്ടാതിരുന്നാൽ എനിക്ക് ഭ്രാന്താണെന്ന് പറയാൻ അവൾ ആരാണ് .ആരോടും യാത്ര പറയാനോ ആശംസ നേരാനോ കൂട്ടാക്കിയില്ല. ഇതെന്തൊരു ജന്മം എന്ന് പറഞ്ഞവർ എല്ലാം തിരിച്ചു പോയി. ഒരു പക്ഷേ അവരെയൊന്നും ഇനി ആ ജന്മത്തിൽ കാണാൻ പറ്റിയെന്നു വരില്ല .അത് വരെ മാത്രമാണോ ഇനി കാണാതിരിക്കാൻ പറ്റുന്നത്. ഒരുപക്ഷേ പക്ഷേ നാളെ അവരും കണ്ടെന്നുവരില്ല.ഈ ജീവിതം ആഘോഷിക്കുന്നവർ. അവരുടെ ഭാഷയിൽ അടിച്ചുപൊളിക്കുന്നവർ,ക്ലാസ് അവസാനിക്കുന്ന ദിവസം പ്രൊഫസർ രാജശേഖരൻ സർ ഉപദേശിച്ചത് അവളോർത്തു . കുട്ടീ, വർത്തമാനകാലത്തിൽ ജീവിക്കൂ. ഭൂതത്തെ ഭാവിയിലേക്ക് വലിച്ചിഴക്കരുത്. സാറിനതു പറയാം തനിക്കോ? ആദ്യമായി ഈ കോളേജിൽ വന്നപ്പോൾ..... അല്ല രക്ഷിതാവ് ഇല്ലാതെ വന്നപ്പോൾ തന്നെ കോളേജിലേക്ക് കൈപിടിച്ചു കയറ്റിയ മണിക്കുട്ടിയെ അവളോർത്തു .ആരായിരുന്നു മണിക്കുട്ടി .ഒരേസമയം രക്ഷിതാവ് ആയിരുന്നു, സുഹൃത്തായിരുന്നു, ചേച്ചിയായിരുന്നു, വഴികാട്ടിയായിരുന്നു . ഓരോരോ അവധികാലം വരുമ്പോഴും മണിക്കുട്ടിയുടെ വീട്ടിലേക്കുള്ള യാത്ര അത്യന്തം രസകരമായിരുന്നു .പുഴ കടന്ന് നേരെ ചെല്ലുന്നത് വിശാലമായ ഒരു പാടത്തിലേക്കാണ്. പാടം കഴിഞ്ഞാൽ ചെറിയ ഇടവഴി, അവിടെ സ്നേഹിക്കാൻ മാത്രം അറിയാവുന്ന മണിക്കുട്ടിയുടെ അമ്മ, കുറുമ്പുകാട്ടി മണി കുട്ടിയോട് എന്നും വഴക്കു കൂടുന്ന അനിയൻ, ഗൗരവക്കാരൻ ആണെങ്കിലും സ്നേഹിക്കാൻ മാത്രം അറിയാവുന്ന അച്ഛൻ അങ്ങനെ എത്രയെത്ര കഥാപാത്രങ്ങൾ._ ഓർഫനേജിലെ നാലു ചുവരുകളിൽ ഒതുങ്ങി ജീവിക്കുന്ന തനിക്ക് ഈ ബന്ധങ്ങൾ അത്ഭുതങ്ങൾ ആയിരുന്നു.തുടക്കത്തിൽ തന്നോട് അച്ഛനമ്മമാർ ഇല്ലാത്ത കുട്ടി എന്ന സഹതാപം കാണിച്ചിരുന്ന അവളുടെ അമ്മയും അവളുടെ മകളായി തന്നെ അംഗീകരിക്കുകയാണ് ഉണ്ടായത് . ഇതുവരെ കാണാത്ത ഒരു പുതിയ ലോകത്തിൽ ജീവിക്കുന്നതിന്റെ ആവേശത്തിൽ ഒരുവേള അവളെ കാണാൻ വന്ന സിസ്റ്റർ ലിനിയോടുപോലും ഈ ലോകത്ത് ജീവിക്കാൻ സാധിച്ചതിന് നന്ദി അവൾ പറഞ്ഞിട്ടുണ്ടായിരുന്നു .പക്ഷേ ഇന്ന് തന്നെ കൈപിടിച്ചുയർത്തിയ മണിക്കുട്ടി എങ്ങോ പോയിരിക്കുന്നു. മണിക്കുട്ടിയുടെ ആകസ്മിക മരണത്തിൽ മനംനൊന്ത് അച്ഛനമ്മമാർ ഏകാന്ത ജീവിതം നയിക്കുകയാണ് .താനോ...? ഓരോ മഴ പെയ്യുമ്പോഴും മണിക്കുട്ടി വാതിലിന്റെ അഴി പിടിച്ച് പുറത്തേക്ക് നോക്കി നിൽക്കാറുണ്ടായിരുന്നു. എന്താണ് മഴ ഇത്ര കാണാൻ എന്ന് ചോദിക്കുമ്പോൾ ഓരോ മഴയും ഓരോ അനുഭവങ്ങളാണെന്ന് മണിക്കുട്ടി പറയാറുണ്ടായിരുന്നു .ഒരിക്കലും ആ അനുഭവം എന്താണെന്ന് മരിക്കുന്നതിനുമുമ്പ് വരെയും തന്നോട് വെളിപ്പെടുത്തിയിരുന്നില്ല .പക്ഷേ നഷ്ടപ്പെട്ടുപോയ ഏതോ ഒരു നീലാംബരി എന്നും മണിക്കുട്ടി മൂളാറുണ്ടായിരുന്നു. അകാരണമായി എന്റെ ഹൃദയം ഇന്നൊരു മഴ കൊതിക്കുകയാണ്. പെയ്തുതീരാത്ത മോഹങ്ങളോടെ മണിക്കുട്ടി പറയാറുള്ളത് പോലെ അനുഭവങ്ങളുടെ ഒരു പെരുമഴക്കായ് അവളുടെ ഹൃദയവും പെരുമ്പറ കൊട്ടുകയാണ്. അവളുടെ ഹൃദയം ആഗ്രഹിച്ചതുപോലെ മാനം കറുത്തു കറുത്തു വന്നു. പിന്നീട് അത് ശക്തമായി അവളുടെ നെഞ്ചിൽ മുറിവേൽപ്പിച്ചു കൊണ്ട് മറ്റൊരു അനുഭവമായി പെയ്തൊഴിഞ്ഞു.മണിക്കുട്ടിയുടെ ആത്മാവ് സന്തോഷിക്കുന്നു ണ്ടാകുമോ. നനഞ്ഞ മണ്ണിന്റെ നനുത്ത ഗന്ധം നാസാരന്ധ്രങ്ങളിലേക്ക് കേറ്റിക്കൊണ്ട് അവൾ എന്നെന്നേക്കുമായി കണ്ണടച്ചു.

## *DREAM*

*I sleep in the clouds dreams in the sky*
*I keep dreaming as life passes by I think my dream give me hope*
*I dream of happiness and to make it big People say that a dreamer goes Nowhere*
*But in my dreams I have already been there I know someday I'll prove to the world*
*That to be successful ;one has to be a dreamer first. Today, I am happy to be in my wonderland*
*Tomorrow, I have my dreams to fulfill.*



## *മരിക്കുന്ന ഭൂമി*

*പൂക്കളും ചെടികളും നിറഞ്ഞിരുന്ന ഭൂമി*
*കാടും മേടും നിറഞ്ഞിരുന്ന ഭൂമി*
*തോടും പുഴയും നിറഞ്ഞിരുന്ന ഭൂമി*
*എത്ര സുന്ദരമാണ് പഴയ ഭൂമി....*
*ഭൂമിയുടെ ഗതി ഒന്നോർത്തുനോക്കൂ*
*എത്ര ഭീകരം*
*ഭൂമിയുടെ വദനം പുകയാൽ മലിനമാക്കപ്പെട്ട ഭൂമി*
*മാലിന്യങ്ങളാൽ നശിപ്പിക്കപ്പെട്ടു കാടുകൾ വെട്ടി*
*ഗ്രാമങ്ങൾ ആക്കി*
*വയലുകൾ മണ്ണാൽ നിരത്തപ്പെട്ടു*
*നാളത്തെ തലമുറയ്ക്കായി നീക്കിവയ്ക്കാൻ*
*ഇന്നത്തെ ഭൂമിയെ ബാക്കി വെക്കാം*
*ഇന്ന് മരിക്കുന്ന ഭൂമിയെ നാം*
*തണൽ നൽകി സംരക്ഷിച്ചിടേണം*
*വെട്ടി മാറ്റിയതിനായ് പകരം നട്ടിടേണം*
*മരങ്ങൾ നമ്മൾ ഈ ഭൂമിയിൽ*
*മലിനമാക്കപ്പെട്ടത് വൃത്തിയാക്കിടേണം*
*നമ്മുടെ ഭൂമിയെ സംരക്ഷിച്ചി ടേണം*

# LITTLE KITE STATE AWARD CEREMONY






കേരള സർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്
ലിറ്റിൽകൈറ്റ്സ്
അവാർഡ് 2019
ജില്ലാതലം
ഒന്നാംസ്ഥാനം
I LOVE YOU


ലിറ്റിൽ കൈറ്റ്സ് സംസ്ഥാന അവാർഡ് ജേതാക്കളായ
ഫാത്തിമാബി മെമ്മോറിയൽ ഹയർ സെക്കണ്ടറി സ്കൂൾ
കുമ്പാറ
അധ്യാപകർക്കും വിദ്യാർത്ഥികൾക്കും
പൗരാവലിയുടെ
സ്വീകരണം
6-7-2019


Old Coffee House











# മികച്ച ലിറ്റിൽ കൈറ്റ്സ് യൂനിറ്റുകൾക്ക്
# അവാർഡ് പ്രഖ്യാപിച്ചു

● കോഴിക്കോട് കുമ്പാറ ഫാത്തിമാബി മെമ്മോറിയ ൽ സ്കൂളിന് ഒന്നാം സ്ഥാ നം ● 5,00,000 സമ്മാനം

തിരുവനന്തപുരം: സംസ്ഥാന ത്തെ മികച്ച ലിറ്റിൽ കൈറ്റ്സ് യൂ നിറ്റുകൾക്കുള്ള 2018-2019ലെ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനം കോഴിക്കോട് ഫാത്തി മാബി മെമ്മോറിയൽ എച്ച്.എസ് കുമ്പാറയും രണ്ടാം സ്ഥാനം കൊ ല്ലം അഞ്ചാലുംമൂട് ഗവ. എച്ച്.എ സ്.എസും, മൂന്നാം സ്ഥാനം തി രുവനന്തപുരം കരിപ്പൂർ ഗവ. എ ച്ച്.എസും നേടി. കോഴിക്കോട് ജില്ലയിൽ ഒന്നാം സ്ഥാനം ഫാ ത്തിമാബി മെമ്മോറിയൽ എച്ച്. എസ്.എസ് കുമ്പാറക്കാണ്. പി. ടി.എം.എച്ച്.എസ് കൊടിയത്തൂ ർ, ജി.എച്ച്.എസ്.എസ് കൊടുവ ള്ളി എന്നിവർക്കാണ് യഥാക്രമം രണ്ടും മൂന്നും സ്ഥാനം.

വയനാട് ജില്ലയിൽ ജി.എച്ച്. എസ്.എസ് മീനങ്ങാടി, ജി.എ ച്ച്.എസ് ബീനാച്ചി, എസ്.കെ. എം.ജെ.എച്ച്.എസ്.എസ് കൽ പറ്റ എന്നിവർക്കാണ് യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനം.

സംസ്ഥാന തലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനത്തിനർഹ രായ സ്കൂളുകൾക്ക് യഥാക്രമം 5,00,000, 3,00,000, 1,00,000 രൂ പയും പ്രശസ്തി പത്രവും ലഭി ക്കും. ജില്ലതലത്തിൽ ഒന്നും ര ണ്ടും മൂന്നും സ്ഥാനത്തിനർഹ രായ സ്കൂളുകൾക്ക് യഥാക്രമം 50,000, 25,000, 10,000 രൂപയും പ്രശസ്തി പത്രവും ലഭിക്കും.

ജൂലൈ അഞ്ചിന് തിരുവ നന്തപുരം ടാഗോർ തിയറ്ററിൽ നടക്കുന്ന പ്രൈമറി ഹൈടെക് ല ബ് പദ്ധതിയുടെ സംസ്ഥാന ല ഉദ്ഘാടന ചടങ്ങിൽ മുഖ്യ മന്ത്രി പിണറായി വിജയൻ അ വാർഡുകൾ വിതരണം ചെ മെന്ന് കൈറ്റ് വൈസ് ചെയർ നും എക്സിക്യൂട്ടിവ് ഡയറ റുമായ കെ. അൻവർസാദ അറിയിച്ചു.

പൊതുവിദ്യാഭ്യാസ സം ണ യജ്ഞത്തിന്റെ ഭാഗ സംസ്ഥാനത്തെ വിദ്യാല ളിൽ നടപ്പാക്കിവരുന്ന ഹൈ ക് പദ്ധതിയുടെ ഭാഗമായ ലിറ്റിൽ കൈറ്റ്സ് യൂനിറ്റു പ്രവർത്തിക്കുന്നത്. പദ്ധ നിലവിൽ 1.15 ലക്ഷം അംഗങ്ങളാണ്.



# ഉയരങ്ങളിൽ

സംസ്ഥാന പുരസ്കാര നിറവിൽ കുമ്പാറ ഫാത്തിമാബി മെമ്മോറിയൽ ഹയർ സെക്കൻഡറി സ്കൂൾ



പ്രതിവാരം

കുഞ്ഞുപട്ടങ്ങളുടെ വലിയ ആകാശം



...കസ് ഫാത്തിമാബി ഹയർസെക്കൻഡറി സ്...







ഈ മാസം അഞ്ചിന് മുഖ്യമന്ത്രി സമ്മാനിക്കും

തിരുവനന്തപുരം: മർകസ് സ്ഥാപനമായ കൂമ്പാറ ഫാത്തിമാബി മെമ്മോറിയൽ ഹയർ സെക്കൻഡറി സ്കൂളിന് ഏറ്റവും മികച്ച ലിറ്റിൽ കൈറ്റ്സ് യൂനിറ്റിനുള്ള സംസ്ഥാന സർക്കാർ പുരസ്കാരം. കൊല്ലം അഞ്ചാലുമൂട് ഗവ. എച്ച് എസ് എസ് രണ്ടാം സ്ഥാനവും തിരുവനന്തപുരം കരിപ്പൂർ ഗവ. എച്ച് എസ് എസ് മൂന്നാം സ്ഥാനവും നേടി. ഒന്നാം സ്ഥാനം നേടിയ സ്കൂളിന് അഞ്ച് ലക്ഷം രൂപയും രണ്ടാം സ്ഥാനത്തിന് മൂന്ന് ലക്ഷം രൂപയും മൂന്നാം സ്ഥാനത്തിന് ഒരു ലക്ഷം രൂപയും പ്രശസ്തിപത്രവും ലഭിക്കും.

ജൂലൈ അഞ്ചിന് തിരുവനന്തപുരം ടാഗോർ തിയേറ്ററിൽ നടക്കുന്ന പ്രൈമറി ഹൈടെക് ലാബ് പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ പുരസ്കാരം വിതരണം ചെയ്യുമെന്ന് കൈറ്റ് വൈസ് ചെയർമാൻ ആൻഡ് എക്സിക്യൂട്ടീവ് ഡയറക്ടർ കെ അൻവർസാദത്ത് അറിയിച്ചു.

വിദ്യാലയങ്ങളിൽ നടപ്പാക്കിവരുന്ന ഹൈടെക് പദ്ധതിയുടെ ഭാഗമായി 2,060 ലിറ്റിൽ കൈറ്റ്സ് യൂനിറ്റുകളാണ് പ്രവർത്തിക്കുന്നത്. പദ്ധതിയിൽ നിലവിൽ 1.15 ലക്ഷം കുട്ടികൾ അംഗങ്ങളാണ്. ഹൈടെക് പദ്ധതിയുടെ ഭാഗമായുള്ള പ്രവർത്തനങ്ങളിൽ വിദ്യാർഥികളുടെ പങ്കാളിത്തം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ലിറ്റിൽ കൈറ്റ്സ് യൂനിറ്റുകൾ വിഭാവന ചെയ്തിരിക്കുന്നത്. യൂനിറ്റുകളുടെ ദൈനംദിന പ്രവർത്തനങ്ങൾ, തനത് പ്രവർത്തനങ്ങളും സാമൂഹിക ഇടപെടലും, പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ, സ്കൂൾ വിക്കി അപ്ഡേഷൻ, ക്യാമ്പുകളിലെ പങ്കാളിത്തം, ഡിജിറ്റൽ മാഗസിൻ, വിക്ടേഴ്സ് ചാനൽ വ്യാപനം, വാർത്ത തയ്യാറാക്കൽ, അംഗങ്ങളുടെ വ്യക്തിഗത പ്രകടനങ്ങൾ, ഹൈടെക് ക്ലാസ്മുറികളുടെ പരിപാലനം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റേതുൾപ്പെടെയുള്ള സ്കൂളിലെ മറ്റ് പ്രവർത്തനങ്ങളിൽ യൂനിറ്റിന്റെ ഇടപെടൽ എന്നീ മേഖലകളിലെ കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തിയാണ് പുരസ്കാരത്തിന് അർഹരായവരെ തിരഞ്ഞെടുത്തത്.

ഹാർഡ്‌വെയർ, അനിമേഷൻ, ഇലക്ട്രോണിക്സ്, മലയാളം കമ്പ്യൂട്ടിംഗ്, സൈബർ സുരക്ഷാ മേഖലകൾക്കു പുറമേ മൊബൈൽ ആപ് നിർമാണം, പ്രോഗ്രാമിംഗ്, റോബോട്ടിക്സ്.

# SCHOOL ACTIVITES




ഫാത്തിമാബി മെമ്മോറിയൽ
ഹയർ സെക്കന്ററി സ്കൂൾ കുമ്പാറ
പ്ലാസ്റ്റിക് വിമുക്ത കുമ്പാറ
പരിസ്ഥിതി ക്ലബ്ബ്


THIMABI MEMORIAL
ECONDARY SCHOOL KOOMBARA


നിഴലും നിലാവും മിന്നിത്തിളങ്ങുന്ന
നക്ഷത്രക്കൂട്ടവും, സ്വപ്നങ്ങൾക്ക്
ചിറകു മുളയ്ക്കുന്ന കണ്ണുകളും
പ്രതീക്ഷയുടെ പുതിയ
ചക്രവാളങ്ങളിലേക്ക്.....
ANUGRAHA JOSE